

# THE BIBLE TRUTH

# ബൈബിൾ ട്രൂത്ത്

NOVEMBER YEAR: 2024

**പിതാവായ ദൈവം**

↓

**പുത്രനായ ക്രിസ്തു മുഖാന്തരം**

↓

**അപ്പൊസ്തലന്മാർക്ക് നൽകി**

↓

**അപ്പൊസ്തലന്മാർ മുഖാന്തരം**

↓

**സർവ്വ ലോകത്തിനും നൽകി**

↓

**ആ രക്ഷാദൂത് സകല മനുഷ്യരും അനുസരിക്കണം**

- *രക്ഷിക്കപ്പെടുന്നവരെ കർത്താവ് സഭയോടു ചേർക്കുന്നു.*
- *നാമധേയ വിഭാഗങ്ങളെല്ലാം ദൈവ പദ്ധതിക്കു പുറത്താണ്.*
- *കൃപയാൽ സൗജന്യമായത്രെ ദൈവം രക്ഷിക്കുന്നത്.*
- *വിശ്വസിക്കുന്നവർ പാപങ്ങളെ വിട്ട് മാനസാന്തരപ്പെടും.*
- *പാപമോചനത്തിന് ക്രിസ്തുവിന്റെ ഉപദേശം അനുസരിക്കണം.*
- *നിത്യജീവന്റെ വചനമാണ് പുതിയ നിയമത്തിലുള്ളത്.*
- *പിതാവിന്റെ ഉപദേശപ്രകാരമാണ് ക്രിസ്തു സംസാരിച്ചത്.*

# THE BIBLE TRUTH

Editor
P.K. VARGHESE
000
**Published by Church of Christ**
പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 46 November 2024 No.11

## എഡിറ്റോറിയൽ

ജലം അമൂല്യമാണ് എന്ന തോന്നൽ ഇപ്പോൾ അധികാരികളിൽ ഉണ്ടായിത്തുടങ്ങി. മുമ്പ് തന്നെ ജലത്തിന്റെ ആവശ്യകതയും പ്രാധാന്യവും ഉറവിടവും മനുഷ്യൻ തിരിച്ചറിയേണ്ടതായിരുന്നു. പക്ഷേ, "കണ്ണുള്ളപ്പോൾ കണ്ണിന്റെ വില അറിയുകയില്ല." എന്ന ചൊല്ല് ഈ കാര്യത്തിലും അന്വർത്ഥമാണ്. സമൃദ്ധി മനുഷ്യൻ പാഴാക്കി കളയാനിടനൽകുന്നു. നമ്മുടെ ജീവന്റെ നലിനിൽപ്പിന് വെള്ളം കൂടിയേ തീരൂ. ദുരുപയോഗം എന്നത് അറിഞ്ഞോ അറിയാതെയോ നമ്മിൽ ഓരോരുത്തരിലും അലിഞ്ഞുചേർന്നിരിക്കുകയാണ്. ദൈവത്തിന്റെ രൂപത്തിൽ സൃഷ്ടിക്കപ്പെട്ട ദൈവസന്താനങ്ങളായ മനുഷ്യരുടെ ഉപയോഗത്തിനായി ഈ പ്രപഞ്ചത്തെയും പ്രപഞ്ചവസ്തുക്കളെയും അവൻ ഉളവാക്കി. പ്രകൃതിരമണീയത എന്നതു സൃഷ്ടികർത്താവിന്റെ മനസും കഴിവും പ്രകടിപ്പിക്കുന്നു. ഉപോയഗമില്ലാത്ത ഒന്നും ദൈവം ഉണ്ടാക്കിയില്ല. അതങ്ങനെ തന്നെ ഉപയോഗിക്കുകയായിരുന്നു മനുഷ്യർ ചെയ്യേണ്ടിയിരുന്നത്. പക്ഷേ മനുഷ്യർ ദൈവ നിയമത്തെ ലംഘിച്ച് കാര്യങ്ങൾ ചെയ്യാൻ തുടങ്ങിയപ്പോൾ വിപരീത ഫലം പുറപ്പെടുവിക്കാൻ തുടങ്ങി. ചുരുക്കിപ്പറഞ്ഞാൽ അനുഗ്രഹിക്കപ്പെടേണ്ടവർ ശാപഗ്രസ്തരായി മാറി.

പുരാതന ലോകത്തു ജീവിച്ചിരുന്ന ജനങ്ങളും ആധുനിക കാലത്ത് ജീവിക്കുന്ന ആളുകളും ഈ കാര്യത്തിൽ ഒരുപോലെയാണ്. അവരുടെ മനോഭാവത്തിന് വ്യത്യാസമില്ല എന്നർത്ഥം. ക്രിയാത്മക സമീപനത്തിന് പകരം നിഷേധാത്മക സമീപനമാണ് ഉള്ളത്. ഭുമിയെയും

നദികളെയും മനുഷ്യർ അതിന്റെ രൂപത്തെയും ഒഴുക്കിനെയും മാറ്റി കൃത്രിമ വളവും മരുന്നും ഉപയോഗിക്കാൻ തുടങ്ങി. അമിതമായ ഉത്പാദനമാണ് കുഴപ്പമായത്. മഴയായി നമുക്ക് ലഭിക്കുന്ന ജലം മണ്ണിലേക്ക് വീഴുവാനും അത് ശുദ്ധീകരിച്ച് വീണ്ടും മഴയായി മനുഷ്യർക്ക് ലഭിക്കുവാനും അനുവദിക്കണം. ഇതാണ് ദൈവത്തിന്റെ പദ്ധതി. ഇതിന് തടസ്സമുണ്ടാക്കിയാൽ ജലദൗർലഭ്യം വരാതിരിക്കുമോ? മനുഷ്യജീവിതം നാൾതോറും ദൈവത്തിന്റെ ഉദ്ദേശത്തെ അറിയാതെ മുമ്പോട്ട് പോകുന്നത് കൊണ്ട് യാഥാർത്ഥ്യം അവർ തിരിച്ചറിയുന്നില്ല. ദൈവം മനുഷ്യരോട് കൽപിച്ചിട്ടുള്ള നിയമവും പ്രകൃതിയോട് കൽപിച്ചിട്ടുള്ള നിയമവും അതേ പടി പരിപാലിച്ചാൽ കുഴപ്പമില്ല. ഇന്നു നാം അനുഭവിക്കുന്ന ദുരിതങ്ങൾക്കെല്ലാം കാരണം അതാണ്. നമ്മുടെ കണ്ണുകൾ ശരിയായ രീതിയിൽ കാണണം. നമ്മുടെ ബുദ്ധി ശരിയായി പ്രവർത്തിക്കണം.

പരിഹാരം എന്താണ് എന്ന് പരിശോധിക്കാം. ആദ്യമായി നമ്മെക്കുറിച്ചും പ്രപഞ്ചത്തെക്കുറിച്ചും ഉള്ള സത്യം അറിയുക. അതായത് കാര്യകാരണ സഹിതം മനസിലാക്കി വേണം നാം ഓരോന്നും ചെയ്യാൻ എന്നർത്ഥം. സത്യ ദൈവത്തിലും അവന്റെ ഉപദേശങ്ങളിലും വിശ്വാസം അർപ്പിക്കണം. മനുഷ്യരുടെ അറിവ് അപര്യാപ്തമാണ്. ദൈവത്തിന്റെ അരുളപ്പാടുകൾ മാത്രമാണ് സത്യമായവ. തെറ്റായ ഉപയോഗം, തെറ്റായ വഴി മാറ്റി ശരിയായ വഴിയിൽ സഞ്ചരിക്കണം. ധർമ്മമല്ലാത്തതു വിട്ടുകഴയണം. അതിനുള്ള ധൈര്യം സംഭരിക്കണം. ദൈവത്തെ അനുസരിക്കുകയും വേണം.

പ്രപഞ്ചത്തെയും പ്രപഞ്ചത്തിലുള്ളതൊക്കെയും ദൈവം സൃഷ്ടിച്ചപ്പോൾ എല്ലാം നല്ലത് എന്ന് ദൈവം കണ്ടു. എന്നാൽ ദുരുപയോഗം വരുത്തുന്നതിന് മനുഷ്യന്റെ സ്വാർത്ഥതയും ദുഷ്ടതയും കാരണമായി. ദൈവത്തിന്റെ കൽപനകൾ എല്ലാം മനുഷ്യർ തിരിച്ചറിഞ്ഞ് പ്രവർത്തിക്കണം. നാം ഓരോരുത്തരും ആ രീതിയിൽ മനസ്സ് പുതുക്കി മാറാൻ തയ്യാറാകണം.

✶

# സ്ത്രീയുടെ സന്തതി

**ജോണി രാംസെ**

സ്ത്രീയുടെ സന്തതി ദുഷ്ടന്റെ ശക്തിയെ നശിപ്പിക്കുമെന്ന പ്രത്യേകതയുള്ള മുന്നറിയിപ്പാണ് ദൈവം സാത്താന് നൽകിയത് (ഉത്പത്തി 3:15). പിശാചിന്റെ വഞ്ചനയുടെ ഫലമായിട്ടാണ് ലോകത്തിൽ പാപവും പാപത്താൽ മരണവും കടന്നു വന്നത് (റോമർ 5:12). ആദാമും ഹവ്വയും പരിചയപ്പെടുത്തിയ പാപം നിമിത്തം നൂറ്റാണ്ടുകളായി ആളുകൾ യഹോവയായ ദൈവത്തിൽ നിന്നും അകന്നു ജീവിച്ചു (യെശയ്യാവ് 59:1-2). ക്രിസ്തു ക്രൂശിൽ മരിക്കുന്നതു വരെ ദൈവവും മനുഷ്യനും തമ്മിൽ നിരപ്പു പ്രാപിക്കുക അസാദ്ധ്യമായിരുന്നു (എഫെസ്യർ 2:16). സ്ത്രീയുടെ സന്തതി കാരണമാണ് (ഗലാത്യർ 4:4). മരണം ആസ്വദിച്ച് അത് സകല മനുഷ്യർക്കും കൃപാകാരണമായി തീർന്നു എന്നു പറയാം (എബ്രായർ 2:9).

സാധാരണ രീതിയിൽ, ബൈബിളിൽ പറയുന്ന മറ്റു ജനനവും ലോകത്തിലെ എല്ലാ ജനനവും പുരുഷന്റെ സന്താനം എന്നോ പുരുഷന്റെയും സ്ത്രീയുടെയും ജനനമെന്നോ ആണ് പറയുന്നത്. പക്ഷേ, ഈ ജനനത്തിന്റെ പ്രത്യേകത സ്ത്രീയുടെ സന്തതി എന്നാണ് എടുത്തു പറഞ്ഞിരിക്കുന്നത്. അവൻ ജനിക്കുന്ന അടയാളവും മുൻകൂട്ടി ദൈവം അറിയിച്ചിരുന്നു. കന്യക ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും എന്നായിരുന്നു പ്രവചനം (യെശയ്യാവ് 7:14; 9:6). ജനിക്കുന്ന സ്ഥലത്തെ കുറിച്ചും പ്രവചിക്കുകയുണ്ടായി (മീഖാ 5:2). അതങ്ങനെ തന്നെ നിറവേറ്റുകയും ചെയ്തു (മത്തായി 1:21-23). ആത്മാവിന്റെ പ്രവചനം യേശുവിനെ സാക്ഷീകരിക്കുന്നതായിരുന്നു എന്നതിന് സംശയമില്ല (വെളിപ്പാട് 19:10).

ദേശത്ത് ഒരു പുതുമ സൃഷ്ടിക്കുന്നു എന്ന് യിരെമ്യാവ് പ്രവചിച്ചിരുന്നു (യിരെമ്യാവ് 31:22). ഒരു സ്ത്രീയാൽ പരിപാലിക്കപ്പെട്ട് യേശുവിന് ജന്മം നൽകി എന്നത് ചരിത്രസംഭവമായി തീർന്നു. റാഹേൽ തന്റെ മക്കളെച്ചൊല്ലി കരയും എന്ന പ്രവചനം യേശു ജനിക്കുന്ന കാലയളവിൽ നിറവേറുന്നുണ്ട് (മത്തായി 2). ഒരു പുതിയ നിയമം യിസ്രായേൽ ഗൃഹത്തിനും യെഹൂദാ ഗൃഹത്തിനും കൊടുക്കും എന്ന് വാഗ്ദാനം

ചെയ്തിരുന്നു (യിരെമ്യാവ് 31:31-34). പുതിയ നിയമത്തിന്റെ മധ്യസ്ഥനായിട്ടാണ് യേശു വന്നത്. വളരെ ശ്രദ്ധിച്ച് നാം ഈ വിഷയത്തെ മനസ്സിലാക്കയാൽ ദൈവ നിശ്ചയപ്രകാരമായിരുന്നു ഇതെന്ന് തിരിച്ചറിയും. 2 തിമൊഥെയോസ് 2:9-14 വരെയുള്ള വേദഭാഗങ്ങളിൽ പരാമർശിക്കുന്ന കാര്യങ്ങൾ ഇതിനോട് യോജിക്കുന്നു. സ്ത്രീയാണ് ആദ്യം ലോകത്തിലേക്ക് പാപം കടത്തിവിട്ടത്. ആദാമായിരുന്നില്ല. പിശാചിന്റെ പ്രലോഭനമായിരുന്നു കാരണം. അക്കാരണത്താൽ യേശു സ്ത്രീയുടെ സന്തതിയായി ലോകത്തിലേക്ക് വന്നു.

ഉൽപ്പത്തി 3:15 നമ്മെ മറ്റനേകം വാക്യങ്ങളിലേക്കു പ്രകാശിപ്പിക്കുന്നുണ്ട്. ദൈവം മനുഷ്യരെ രക്ഷിക്കുവാൻ പദ്ധതി ഒരുക്കുന്നത് മുതൽ സാത്താൻ അതിനെ എതിർത്തു തുടങ്ങി. സാത്താന് ശക്തിയുണ്ട് എന്ന കാര്യം സമ്മതിക്കാതെ തരമില്ല. ബൈബിളിൽ ഉടനീളം ഈ പോരാട്ടം നടക്കുന്നതായി പറയുന്നുണ്ട്. പിശാചിനു എതിർക്കുവാൻ ശക്തിയുണ്ടെങ്കിലും സ്വർഗ്ഗീയ പദ്ധതിയുടെ അന്തിമ വിജയം ക്രിസ്തുവിനാണെന്ന് തെളിയിച്ചിരിക്കുന്നു. സമാധാനത്തിന്റെ ദൈവമോ വേഗത്തിൽ സാത്താനെ നിങ്ങളുടെ കാൽക്കീഴെ ചതച്ചു കളയും (റോമർ 16:20).

സ്ത്രീയുടെ സന്തതിക്കു പിശാചിനെ പിടിച്ചു കെട്ടുവാനും അവന്റെ സാധനങ്ങൾ കവർന്നു കളയാനും കഴിഞ്ഞു (മർക്കോസ് 3:27). ഈ ലോകത്തിലെ പ്രഭുവിനെ പുറത്ത് തള്ളിക്കളയുവാൻ അവന് കഴിഞ്ഞു. ഈ ലോകത്തിന്റെ പ്രഭുവിനെ പുറത്ത് തള്ളിക്കളയുവാൻ അവനു കഴിഞ്ഞു (യോഹന്നാൻ 12:31). അങ്ങനെ നമുക്ക് വിജയം നേടിത്തരുവാനും കഴിഞ്ഞു (1 യോഹന്നാൻ 5:4). വാസ്തവത്തിൽ ഈ ഉദ്ദേശ്യം നിറവേറ്റുവാൻ തന്നെയാണ് ഇമ്മാനുവേൽ ഈ ലോകത്തിലേക്ക് വന്നത് (1 യോഹന്നാൻ 3:8). മനുഷ്യരുടെ രാജ്യത്വങ്ങളെ വാഴുന്നത് ദൈവമാണ്. അവർ അത് തിരിച്ചറിഞ്ഞാലും ഇല്ലെങ്കിലും (ദാനിയേൽ 2:25 ; മത്തായി 28:18; റോമർ 13:1; വെളിപ്പാട് 11:16). ദൈവത്താൽ നൽകപ്പെട്ട അധികാരം മാത്രമേ മനുഷ്യനുള്ളു.

സാത്താൻ ദുഷ്ട മനുഷ്യരെ സ്വാധീനിച്ച് യേശുവിനെ കുറ്റം ചുമത്തി മരണത്തിന് ഏൽപിച്ചു കൊടുത്തെങ്കിലും സാത്താൻ വിജയിച്ചില്ല എന്നതാണ് പരമാർത്ഥം (യെശയ്യാവ് 28:14-18; റോമർ 1:4). സ്ത്രീയുടെ സന്തതി മരണത്താൽ പിശാചിന്റെ ശക്തിയെ നിഷ്പ്രഭ

മാക്കി (എബ്രായർ 2:14). അതിനാൽ ക്രിസ്തുവിൽ നമ്മെ ജയോത്സവമായി നടത്തുന്നു (2 കൊരിന്ത്യർ 2:14).

പാതാളഗോപുരങ്ങൾക്ക് ജയിക്കാൻ കഴിയാത്തതാണ് യേശുവിന്റെ ദൗത്യം (മത്തായി 16:18). സർവ്വ ലോകത്തിന്റെയും പാപ ഭാരം വഹിക്കേണ്ടതിനായിരുന്നു സ്ത്രീയുടെ സന്തതി വന്നത്. സ്വർഗ്ഗീയ ലക്ഷ്യം നിറവേറ്റുവാൻ സ്വയം ഏറ്റെടുത്ത നിത്യയാഗത്താൽ നമുക്ക് നിത്യരക്ഷ ലഭിക്കുമാറാക്കി. ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ അവൻ ഏക മധ്യസ്ഥനായിത്തീർന്നു (1 തിമൊഥെയോസ് 2:5).

പിതാവിനുള്ളത്തിൽ ഇരിക്കേണ്ടതിനാണ് അവൻ വന്നത് എന്ന് ലൂക്കോസ് വിവരിക്കുന്നു (ലൂക്കോസ് 2:19). ദൈവ ശക്തിയാൽ സ്ത്രീയിൽ നിന്നു ജനിച്ചവനായി വന്ന യേശു അത് വെളിപ്പെടുത്തുകയുമുണ്ടായി (പ്രവൃത്തി 4:26-30). പിശാചുക്കൾ പോലും അവനിൽ വിശ്വസിക്കുവാനും വിറക്കുവാനും ഇടയായതിൽ അതിശയിക്കാനില്ല. ദൈവത്തിന്റെ വാഗ്ദാനം വിശ്വാസയോഗ്യമാണ്. ക്രിസ്തു മൂലം വിശ്വസിക്കുന്നവർക്ക് വിജയം ഉറപ്പാണാണ് (റോമർ 6:37). നമ്മെ സ്വർഗ്ഗത്തിലേക്ക് എത്തിക്കുവാൻ നമുക്ക് മുൻഗാമിക്കായി തീർന്ന യേശുവിനെ അനുഗമിക്കൻ വേണ്ടിയാണ് അവന്റെ മരണവും ഉയിർത്തെഴുന്നേൽപും. യേശു തന്റെ ദേഹം എന്ന തിരശ്ശീലയിൽ കുടി നമുക്ക് പ്രതിഷ്ഠിച്ച ജീവനുള്ള പുതുവഴി ഇപ്പോൾ ഉള്ളതു കൊണ്ട് പരമാർത്ഥ ഹൃദയത്തോടെ ധൈര്യത്തോടെ അടുത്തു ചെല്ലാം (എബ്രായർ 10:19-20).

ലോകസ്ഥാപനത്തിന് മുമ്പു തന്നെ ദൈവത്തിന് അറിയാമായിരുന്നു മനുഷ്യപുത്രനെ ഭുമയിലേക്ക് അയയ്ക്കേണ്ടി വരുമെന്ന്. ഇതിന് കാരണം മനുഷ്യന്റെ അകൃത്യങ്ങളായിരുന്നു. എവിടെയും നിയമലംഘനമായിരുന്നു നടന്നിരുന്നത്. പാപത്തിന്റെ ശിക്ഷ മരണമായിരുന്നല്ലോ. അങ്ങനെ മനുഷ്യ വർഗ്ഗം തങ്ങളുടെ പാപത്താൽ നശിക്കേണ്ടതായിരുന്നു. ദൈവത്തിന്റെ മഹാദയയും ദീർഘക്ഷമയും നിമിത്തം മനുഷ്യരെ രക്ഷിക്കാൻ ഒരു പദ്ധതി ഒരുക്കി. പിശാചിനെ തോൽപിക്കുവാൻ മനുഷ്യന് കഴിവില്ല. ജഡിക മനുഷ്യൻ ബലഹീനനാണ്.

ലോകത്തിൽ വന്നു യെഹൂദന്മാരിൽ ഒരുവനായി ജീവിച്ച യേശു അന്നത്തെ അവരുടെ മതാചാരങ്ങളിലെ തെറ്റു തിരുത്താൻ ശ്രമിച്ചു. തൻനിമിത്തം അവർക്ക് യേശുവിനോട് നീരസം ഉണ്ടായി. ദൈവത്തിന്റെ

അരുളപ്പാടുകളും ഉപദേശവും അവർ മനസ്സിലാക്കിയില്ല. അതുകൊണ്ട് അവർ യേശുവിനെ തള്ളിപ്പറയുക മാത്രമല്ല ചെയ്തത്. ഒടുവിൽ അവനെ ക്രൂശിൽ തറച്ചു കൊല്ലുവാനുമിടയായി. അങ്ങനെ മനുഷ്യപുത്രന്റെ മരണത്താൽ മനുഷ്യരുടെ നിത്യമരണം ഒഴിവാക്കി.

★

# ഉപകരണ സംഗീതത്തിനു വേണ്ടിയുള്ള വാദം

**ലാറി. എം**

ആരാധന മദ്ധ്യേ ഉപകരണങ്ങൾ ഉപയോഗിച്ചു പാട്ടു പാടുന്ന സഭാവിഭാഗങ്ങൾ ധാരാളമുണ്ട്. അതിന് അവർ ഉപയോഗിക്കുന്ന ന്യായവാദങ്ങളും അനവധിയാണ്. തങ്ങൾ ചെയ്യുന്നത് ശരിയാണെന്ന് സമർത്ഥിക്കുവാനാണല്ലോ മിക്ക ആളുകളും ശ്രമിക്കുന്നത്. മതപരമായ കാര്യങ്ങളിലും അവർ ഇതേ നയം ആണ് ആളുകൾ അനുവർത്തിക്കുന്നത്. സ്വന്തം ഇഷ്ടത്തെയും മറ്റ് മനുഷ്യരുടെ ഇഷ്ടങ്ങളെയും മാനിച്ച് കാര്യങ്ങൾ ചെയ്യുന്നവർ ഉണ്ട്. മതപരമായും ഇതാണ് ആളുകളിൽ കാണുന്നത്. എന്നാൽ നാം സ്വീകരിച്ചു പോരേണ്ട ബൈബിൾ തത്വങ്ങൾ ഉണ്ട്. അവയെ മാറി കടന്നു സഞ്ചരിക്കുന്നത് അപകടം തന്നെയാണ്. ധാരാളം ഉദാഹരണങ്ങൾ വേദപുസ്തകത്തിൽ പറയുന്നുമുണ്ട്.

**ദൈവം കൽപിച്ചതായ ആരാധന**

ദൈവ സന്നിധിയിൽ സ്വീകാര്യമായ ആരാധന എന്തെന്നു തിരിച്ചറിയുകയാണ് നമ്മുടെ ലക്ഷ്യം. ഭൗതിക ജീവിതത്തിലെ എല്ലാ വശങ്ങളും ദൈവത്തെ ആരാധിക്കുന്നവയല്ല. എല്ലായ്പ്പോഴും ദൈവത്തെ ആരാധിക്കാം എന്ന് കരുതുന്നവരുണ്ട്. അവരെ സംബന്ധിച്ച് അത് ശരിയായിരിക്കാം. എന്നാൽ ദൈവത്തിന് ആദരവും പുകഴ്ചയും കൊടുക്കുന്നത് എപ്രകാരമാണ്? ദൈവേഷ്ടപ്രകാരമുള്ള ആരാധന എന്താണ്? ദൈവം വചനത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന സത്യമാണ് നമുക്ക് ആവശ്യം. മനുഷ്യർ തങ്ങളുടെ കാഴ്ചപ്പാട് അനുസരിച്ച് ദൈവത്തെ ആരാധിക്കു

മ്പോൾ ദൈവം അത് നിരസിക്കുകയാണ് ചെയ്യുന്നത്. ആരാധകന്റെ മനോഭാവം എന്താണെന്നു നോക്കുന്നവനാണ് ദൈവം. മനുഷ്യർ അതിനെക്കുറിച്ച് വിവേകപൂർവ്വം ചിന്തിക്കുന്നില്ല.

ആരാധകരുടെ ആരാധനകളിൽ വന്ന വൈരുദ്ധ്യം ദൈവം വേർതിരിച്ചതും മനസ്സിലാക്കിയവർ ആയിരുന്നു കയ്യീനും ഹാബേലും. തന്റെ ആരാധന ദൈവം സ്വീകരിച്ചിട്ടില്ല എന്ന് കയ്യീൻ മനസ്സിലാക്കി. തന്റെ മനോഭാവം ശരിയായിരുന്നില്ല എന്നതായിരുന്നു കയ്യീന്റെ ആരാധന സ്വീകരിക്കാതിരുന്ന കാരണം (ഉത്പത്തി 4:1-5). ദൈവം അവന്റെ ആരാധന സ്വീകരിക്കാതിരുന്നതിനെ കയ്യീൻ പ്രതികരിച്ചത് സഹോദരനോടായിരുന്നു. അവന് കോപം ഉണ്ടായി. സ്വന്ത പ്രവൃത്തിയുടെ പരാജയം അവനെ കോപിഷ്ഠനാക്കി. അവന്റെ മുഖം വാടുകയും ചെയ്തു. ദൈവം അവനോട് പറഞ്ഞത്: “നീ കോപിക്കുന്നത് എന്തിന്? നിന്റെ മുഖം വാടുന്നതും എന്ത്? നീ നന്മ ചെയ്യുന്നുവെങ്കിൽ പ്രസാദമുണ്ടാകയില്ലയോ? നീ നന്മ ചെയ്യുന്നില്ലെങ്കിൽ പാപം വാതിൽക്കൽ കിടക്കുന്നു; അതിന്റെ ആഗ്രഹം നിങ്കലേക്കാകുന്നു; നീയോ അതിനെ കീഴടക്കേണം എന്ന് കൽപിച്ചു” (ഉത്പത്തി 4:6-7). നന്മ ചെയ്യുക എന്നതും ദൈവത്തെ പ്രസാദിപ്പിക്കുക എന്നതുമായിരിക്കണം ആരാധകന്റെ മനോഭാവം.

പരിശുദ്ധാത്മാവ് എബ്രായ ലേഖകനിലൂടെ സംസാരിക്കുന്നുണ്ട്. “വിശ്വാസത്താൽ ഹാബേൽ ദൈവത്തിന് കയ്യീന്റേതിലും ഉത്തമമായ യാഗം കഴിച്ചു; അതിനാൽ അവന് നീതിമാൻ എന്ന സാക്ഷ്യം ലഭിച്ചു. ദൈവം അവന്റെ വഴിപാടിന് സാക്ഷ്യം കൽപിച്ചു. മരിച്ച ശേഷവും അവൻ വിശ്വാസത്താൽ സംസാരിച്ചുകൊണ്ടിരിക്കുന്നു” (എബ്രായർ 11:16).

ദൈവം കൽപിച്ചതിൻ പ്രകാരമുള്ള യാഗം, വഴിപാട് അർപ്പിച്ചതിനാൽ അത് നീതികരിക്കപ്പെട്ടു. ദൈവത്താലുള്ള സാക്ഷ്യമാണ് അവനു ലഭിച്ചത്. ഹാബേലിനു വേറെ പലതും ഉണ്ടായിരുന്നിരിക്കാം. അതിലൊന്നുമല്ല ദൈവം പ്രസാദിക്കുന്നത്. ദൈവം കൽപിച്ച കൽപന പ്രകാരം വന്ന വഴിപാട് കൊടുത്താലേ അവൻ സ്വീകരിക്കു എന്ന് ഹാബേൽ മനസ്സിലാക്കി പ്രവർത്തിച്ചു. അതുകൊണ്ട് അവന്റെ യാഗം ഉത്തമമായ ഒന്നായിരുന്നു എന്ന് സാക്ഷീകരിച്ചിരിക്കുന്നു.

നമുക്ക് ശരി എന്നു തോന്നുന്ന രീതിയിൽ ദൈവത്തിനു പുകഴ്ച അർപ്പിക്കാമെന്ന് വിചാരിക്കരുത്. ദൈവശ്വാസിയമായ എഴുത്തുകളിൽ

പിതാവിന്റെ അടുക്കൽ വരുന്നവർ എങ്ങനെ വരണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്താണ് ദൈവത്തിന് നൽകുന്നത്? എങ്ങനെ നൽകുന്നു? നൽകുമ്പോൾ നമ്മുടെ ഹൃദയത്തിൽ എന്താണ് വിചാരം?

## തിരുവെഴുത്തിലെ നിശബ്ദത

ദൈവ വചനത്തിൽ നിശബ്ദത കാണുന്നുവെങ്കിൽ അത് നമ്മുടെ ഇഷ്ടത്തിന് വിട്ടിരിക്കുന്നു എന്നു കരുതുന്നവർ ദൈവത്തിനു പകരം തീരുമാനം എടുക്കുന്നവരാണ്. തിരുവെഴുത്തിലെ നിശബ്ദത അങ്ങനെ തന്നെ എന്തുകൊണ്ട് സ്വീകരിച്ചു കൂടാ? പ്രത്യേകമായി എടുത്തു പറയാത്ത കാര്യങ്ങൾ അങ്ങനെ തന്നെ മതി എന്ന് വിചാരിക്കുന്നതാണ് ഉചിതം.

പാട്ടു പാടുന്നതിനെക്കുറിച്ച് ദൈവം ശബ്ദിക്കാതിരുന്നിട്ടില്ല. ക്രിസ്തീയാരാധനയിൽ എങ്ങനെ പാടണമെന്ന് ദൈവം വ്യക്തമാക്കിയിട്ടുണ്ട്. അത് കൊണ്ട് പാട്ടു പാടുന്നതിനെ സംബന്ധിച്ച് നിശബ്ദത പാലിക്കേണ്ട ആവശ്യമില്ല. ദൈവത്തിന് മഹത്വം കരേറ്റുന്നതും ദൈവത്തെ സന്തോഷിപ്പിക്കുന്നതും ആയ കാര്യങ്ങളാണ് ആത്മാവ് വെളിപ്പെടുത്തിയിരിക്കുന്നത്. ക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ ഐക്യതക്ക് എന്താണ് ആവശ്യം? എഴുതിയിരിക്കുന്നതിനപ്പുറമായി ഭാവിക്കാതിരിക്കുക എന്നതാണ് (1 കൊരിന്ത്യർ 5:6). തിരുവെഴുത്തിൽ പൂർണ്ണമായി ആശ്രയിക്കാൻ കഴിയാത്തവർ അതിനോട് കൂട്ടു ചേർക്കാൻ താൽപര്യപ്പെടുന്നു. അത് വാദപ്രതിവാദത്തിലേക്ക് എത്തിക്കുന്നു. അങ്ങനെ ഐക്യതക്കു പകരം ഭിന്നത ഉടലെടുക്കുന്നു.

## ആരാധനക്കുള്ള മാതൃക

പുതിയ നിയമത്തിൽ വിശുദ്ധന്മാർ ദൈവത്തെ നമസ്കരിച്ചിരുന്നത് ദൈവശ്വാസിയമായ വചനപ്രകാരമായിരുന്നു. ദൈവത്തെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന സമയം സന്തോഷത്തോടെ, ഹൃദയപരമാർത്ഥതയോടെയാണ് ചെയ്തു വന്നത്. ആക്ഷരിക നിയമത്തിനു കീഴിലായിരുന്ന യിസ്രായേൽ ജനം അന്നത്തെ അവരുടെ പ്രമാണം അനുസരിച്ച് ചെയ്തു വന്നു. പുതിയ നിയമം പൂർണ്ണമായി ജനങ്ങളിൽ എഴുതി എത്തിക്കുന്നതിനു മുമ്പ് ദൈവശ്വാസിയരായ അപ്പോസ്തോലന്മാർ മാതൃക കാണിച്ചുകൊടുത്തു. അപ്രകാരം അവർ ദൈവത്തെ ആരാധിച്ചു. അവർ യെഹൂദാ പശ്ചാത്തലം ഉള്ളവരായിരുന്നു. പിന്നീട് ജാതികളിൽ

നിന്ന് പരിവർത്തനം ചെയ്യപ്പെട്ടവരും അവരോട് ചേരന്നു. തിരുവെഴുത്തുകൾ പൂർണ്ണമായി ജനങ്ങളിൽ എത്തിയപ്പോൾ ജനത്തിന് തെറ്റിദ്ധാരണയുടെ ഒരു ആവശ്യമില്ല.

വചനത്തെ വളച്ചൊടിക്കുകയും സ്വയ വ്യാഖ്യാനം നടത്തുകയും ചെയ്യുന്നവർ പണ്ടും ഇന്നും ഉണ്ട്. നാം എന്താണ് അനുസരിക്കേണ്ടത? നമ്മെ പഠിപ്പിച്ച ഉപദേശ രൂപമാണ് പരിശോധിച്ച് പ്രമാണിക്കേണ്ടത്.

✶

# ഒരു പുതിയ ഹൃദയം മനുഷ്യന് ആവശ്യമാണ്

യിരെമ്യാ പ്രവാചകൻ ഹൃദയത്തിന്റെ അവസ്ഥയെ മുന്നറിയിച്ചിട്ടുണ്ട്. “ഹൃദയം എല്ലാറ്റിനെക്കാളും കപടവും വിഷവുമുള്ളത്; അത് ആരാഞ്ഞറിയുന്നവൻ ആർ?” (യിരെമ്യാവ് 17:9). ദൈവം ചെയ്യുന്നത് ഹൃദയത്തെ തന്നെ മാറ്റി പുതിയ ഹൃദയം വേറൊന്ന് നൽകുകയാണ്. “ഞാൻ നിങ്ങൾക്ക് പുതിയൊരു ഹൃദയം തരും. ഞാൻ നിങ്ങളുടെ ജഡത്തിൽ നിന്നു നീക്കി മാംസമുള്ള ഹൃദയം തരും” (യെഹസ്കേൽ 30:26). അപ്പോസ്തോലനായ പൗലോസ് ഈ ലേഖനങ്ങളെക്കാൾ ശുദ്ധമായ ഭാഷ ഉപയോഗിച്ചിട്ടുണ്ട്. “പുറമെ യെഹൂദനായവൻ യെഹൂദനല്ല; പുറമെ ജഡത്തിലുള്ളത് പരിച്ഛേദനയുമല്ല; അകമെ യെഹൂദനയാവനത്രേ യെഹൂദൻ; അക്ഷരത്തിലല്ല ആത്മാവിലുള്ള പരിച്ഛേദനയത്രേ പരിച്ഛേദന. അവന് മനുഷ്യനാലല്ല, ദൈവത്താൽ തന്നെ പുകഴ്ച ലഭിക്കും” (റോമർ 2:28–29).

ഹൃദയ പരിച്ഛേദന എങ്ങനെയാണ് നടപ്പിൽ വരുത്തുന്നത്? പ്രാകൃത സ്വഭാവത്തെ മാറ്റുന്നതിന് വിവരിച്ചിരിക്കുന്നതാണ് ഇത്. മനുഷ്യന്റെ ഹൃദയത്തിൽ നിന്നാണ് തിന്മ പുറപ്പെട്ട് അവനെ അശുദ്ധമാക്കുന്നത്. പൗലോസ് എഴുതിയിരിക്കുന്നു: “അവനിൽ നിങ്ങൾക്ക് ക്രിസ്തുവിന്റെ പരിച്ഛേദനയാൽ ജഡ ശരീരം ഉരിഞ്ഞ് കളഞ്ഞതിനാൽ തന്നെ കൈക്കോണ്ടല്ലാത്ത പരിച്ഛേദനയും ലഭിച്ചു. സ്നാനത്തിൽ നിങ്ങൾ അവനോടു കൂടെ അടക്കപ്പെടുകയും അവനെ മരിച്ചവരുടെ ഇടയിൽ നിന്ന്

ഉയർത്തെഴുന്നേൽപിച്ച ദൈവത്തിന്റെ വ്യാപാരശക്തിയിലുള്ള വിശ്വാസത്താൽ അവനോടുകൂടെ നിങ്ങളും ഉയർത്തെഴുന്നേൽക്കുകയും ചെയ്തു'' (കൊലോസ്യർ 2:11-12). സ്നാനമേൽക്കുക എന്നത് ഒരു ഭൗതികമായ പ്രവൃത്തിയല്ല. ശരിയായി മാനസാന്തരപ്പെടുന്ന ഒരാൾക്ക് ദൈവം അപ്പോൾ പുതിയ ഹൃദയം കൊടുക്കുന്നു. ആ സമയത്താണ് ഒരു വ്യക്തിയിൽ വസിക്കേണ്ടതിനു പരിശുദ്ധാത്മാവിനെ ദാനമായി നൽകുന്നത്. കർത്താവാണ് ഒരാളുടെ ഹൃദയത്തിൽ പരിച്ഛേദന വരുത്തുന്നത്. ഈ പുതിയ ആരംഭത്തെക്കുറിച്ച് പത്രോസ് പറയുന്നത്: ''എന്നാൽ സത്യം അനുസരിക്കുകയാൽ നിങ്ങളുടെ ആത്മാക്കളെ നിർവ്യാജമായ സഹോദര പ്രീതിക്കായി നിർമ്മലീകരിച്ചിരിക്കുക കൊണ്ട് അന്യോന്യം ഉറ്റു സ്നേഹിപ്പിൻ'' (1 പത്രോസ് 1:22). വ്യക്തിപരമായ നേട്ടമോ, സ്വാർത്ഥതയോ കുടാതെയുള്ള ക്രിസ്തുവിന്റെ സ്നേഹമായിരിക്കും പുതിയ ഹൃദയത്തിൽ നിന്നും ഉത്ഭവിക്കുക.

**ദൈവത്തെ നമസ്കരിക്കൽ**

ദൈവം ഒരു പുതിയ ഹൃദയം നമ്മുടെ ഉള്ളിൽ സൃഷ്ടിച്ചിരിക്കുന്നതോടെ ശുദ്ധീകരണ പ്രക്രിയ നമ്മിൽ തുടങ്ങുന്നു. ഉയരത്തിലുള്ള ദൈവത്താൽ ജനിച്ച് ദൈവമക്കളായിത്തീർന്നവർ ''തന്നെ സൃഷ്ടിച്ചവന്റെ പ്രതിമ പ്രകാരം പരിജ്ഞാനത്തിനായി പുതുക്കം പ്രാപിക്കുന്ന പുതിയ മനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ'' (കൊലോസ്യർ 3:10). കൃപാസനത്തിനു മുന്നിൽ ആത്മീയ നമസ്കാരത്തിന് വേണ്ടിയുള്ള തേജസ്കരിക്കപ്പെട്ട ക്രിസ്തുവിന്റെ പ്രതിമയാണ് ഈ പുതിയ സൃഷ്ടി. അഴൻ പരിശുദ്ധനായിരിക്കുന്നതു പോലെ ഒരു പുതിയ സൃഷ്ടിയും വിശുദ്ധനായിരിക്കണം. നീതിയിലും വിശുദ്ധിയിലും സത്യത്തിലും എല്ലാ സ്ഥലത്തും എല്ലാ സമയത്തും വിശുദ്ധിയിലായിരിക്കും. പുതിയ സൃഷ്ടി വിശുദ്ധമാകയാൽ എല്ലാം ശുദ്ധമായി ഉപയോഗിക്കും.

ദൈവം മനുഷ്യനായി പ്രവർത്തിക്കേണ്ട മുഴുവൻ ഉദ്ദേശത്തെയും വ്യക്തമാക്കുന്നതാണ് ദൈവാരാധന. പുതിയ നിയമപ്രകാരമുള്ള ആരാധനയാണ് ഇന്ന് ദൈവം വീക്ഷിക്കുന്നത്. അല്ലാതെ പഴയ നിയമപ്രകാരമുള്ള ഒന്നല്ല.

✶

# നമുക്ക് എങ്ങനെ ദൈവത്തെ കാണാം

ഫ്രാൻസിസ് ഡേവിഡ്

ദൈവത്തെ അന്വേഷിക്കുന്നവരും കാണാൻ ആഗ്രഹിക്കുന്നവരും അനേകരാണ്. ദൈവത്തെ മുഖാമുഖമായി കണ്ടാൽ കൊള്ളാമായിരുന്നു എന്നാണ് ചിലർ ആഗ്രഹിക്കുന്നത്, ദൈവത്തെ കാണുവാനായി അവർ എല്ലാ വിധത്തിലുള്ള വഴികളും ഉദ്യമങ്ങളും ആരാഞ്ഞുകൊണ്ടിരിക്കും. ബൈബിൾ പറയുന്നതു ദൈവം ആത്മാവാകുന്നു എന്നാണ് (യോഹന്നാൻ 4:24). ജഡികനായ മനുഷ്യന്റെ നഗനനേത്രത്താൽ അവനെ കാണുവാൻ സാദ്ധ്യമല്ല. എന്നാൽ ദൈവം ഉണ്ട് എന്നു കാണിക്കുന്നതായ പലതും ദൃശ്യവുമാണ്. പ്രപഞ്ചം അവന്റെ കൈവേലയാണ്. വിസ്മയാവഹമായ പ്രകൃതിയിലെ പ്രതിഭാസങ്ങൾ ദൈവത്തിന്റെ ശക്തിയെ വെളിപ്പെടുത്തുന്നു.

ഇന്ന് ലോകത്തിലെ മനുഷ്യരുടെ നിയമരഹിതമായ പ്രവൃത്തികൾക്ക് അവർ അനുഭവിച്ചുകൊണ്ടേയിരിക്കുന്നതു നാം കാണുന്നതാണല്ലോ. ദൈവം എല്ലാം കാണുകയും പ്രതികരണത്തോടെ പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട് എന്ന വസ്തുത ബൈബിളിൽ വെളിച്ചം പകരുന്നു. “അനീതി കൊണ്ട് സത്യത്തെ തടുക്കുന്ന മനുഷ്യരുടെ സകല അഭക്തിക്കും അനീതിക്കും നേരെ ദൈവത്തിന്റെ കോപം സ്വർഗ്ഗത്തിൽ നിന്ന് വെളിപ്പെടുന്നു. ദൈവത്തെക്കുറിച്ച് അറിയാകുന്നത് അവർക്ക് വെളിവായിരിക്കുന്നു. ദൈവം അവർക്ക് വെളിവാക്കിയല്ലോ. അവന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യലക്ഷണങ്ങൾ ലോകസൃഷ്ടി മുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്ക് തെളിവായി വെളിപ്പെട്ട് വരുന്നു; അവർക്ക് പ്രതിവാദമില്ലാതിരിക്കേണ്ടതിന് തന്നെ. അവൻ ദൈവത്തെ അറിഞ്ഞിട്ടും അവനെ ദൈവം എന്നോർത്ത് മഹത്വീകരിക്കുകയോ ചെയ്യാതെ തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥരായിത്തീർന്നു. അവരുടെ വിവേകം ഇല്ലാത്ത ഹൃദയം ഇരുണ്ടുപോയി. ജ്ഞാനികൾ എന്നു പറഞ്ഞുകൊണ്ട് അവർ മൂഢരായി പോയി. അക്ഷയനായ ദൈവത്തിന്റെ തേജസിനെ അവർ ക്ഷയമുള്ള മനുഷ്യൻ, പക്ഷി, നാൽക്കാലി,

ഇഴജാതി എന്നിവയുടെ രൂപസാദൃശ്യമായി മാറ്റിക്കളഞ്ഞു" (റോമർ 1:18–25).

ദൈവം മനുഷ്യരെ സൃഷ്ടിച്ചത് അവന്റെ സാദൃശ്യത്തിലും സ്വരൂപത്തിലുമാണ് (ഉത്പത്തി 1:27). മനുഷ്യൻ ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടവനായുള്ളതു കൊണ്ടാണ് അവന്റെയുള്ളിൽ ബുദ്ധിയുള്ളത്. നമുക്ക് ചിന്തിക്കാനും വിവേചിക്കാനും കാണാനും കഴിയും. വിശ്വാസത്താൽ, നമ്മുടെ ചിന്തയാൽ നമുക്ക് ദൈവത്തെ കാണാം. ഒരാൾ ദൈവത്തിന്റെ വചനവുമായി ബന്ധപ്പെടുമ്പോൾ അത് വായിക്കുന്നു. അവിടെ ദൈവവും മനുഷ്യനും തമ്മിൽ ആശയവിനിമയം നടത്തുന്നതു കാണാം. ദൈവപുസ്തകത്തിൽ ദൈവവും മനുഷ്യരും കണ്ടുമുട്ടുന്നു. ശരിയായ കാഴ്ച ഒരാൾക്ക് കിട്ടുന്നത് ദൈവവചനത്തിലൂടെയാണ്. നാം എന്തു പറയണം, എങ്ങനെ പ്രവർത്തിക്കണം എന്നറിയാൻ വചനം പരിശോധിക്കണം. ദൈവത്തെ കാണാൻ താത്പര്യപ്പെടുന്നവർ ദൈവേഷ്ടത്തെ ഗ്രഹിക്കണം. ആദ്യ മനുഷ്യന് തുണയായി കൊടുത്ത ഹവ്വ ദൈവവചനത്തെ മാനിക്കാതെ സ്വന്തം താത്പര്യത്തിനനുസരിച്ച് പ്രവർത്തിച്ചു. അതിന്റെ ഫലമായി അവൾ ദൈവശാപം ഏറ്റുവാങ്ങി. അവൾ വഞ്ചിക്കപ്പെടുകയായിരുന്നു. ഉൾക്കാഴ്ച നഷ്ടപ്പെടുമ്പോൾ നാം ബാഹ്യപ്രേരണയ്ക്ക് വശംവദരായി തീരുന്നു.

അപ്പോസ്തോലനായി തീരുന്ന പൗലോസ് ശൗൽ ആയിരുന്നപ്പോൾ അവൻ ക്രിസ്ത്യാനികളെ ഉപദ്രവിക്കുകയും മുടിക്കുകയും ചെയ്തിരുന്നു (പ്രവൃത്തി 26:9). താൻ ചെയ്യുന്നത് ശരിയാണെന്ന് അവൻ കരുതി തെറ്റു ശരിയാണെന്ന് ധരിച്ച് പ്രവർത്തിക്കുന്ന ഒരുപാട് ആളുകളുണ്ട്. സത്യം അവർക്ക് വെളിച്ചമായി തീരട്ടെ. നമ്മുടെ കാഴ്ചപ്പാട് മാറണമെങ്കിൽ നമ്മുടെ മനസ്സ് തിരിയണം. ഈ ലോകത്തിന് അനുരൂപമാകാതെ ദൈവഹിതമെന്തെന്ന് തിരിച്ചറിയാൻ മനസ്സ് പുതുക്കണം (റോമർ 12:2). ദൈവത്തെ കാണണമെന്ന ചിന്തയുള്ളവർ ദൈവം വെച്ചിരിക്കുന്ന കണ്ണാടിയായ ബൈബിളിൽ നോക്കി ധ്യാനിക്കണം.

ദൈവവചനത്തിൽ എങ്ങനെയാണ് നാം ദൈവത്തെ കാണുന്നത്? യാദൃശ്ചികമായി വരുന്നതല്ല അത്. അത് നാം ഗൗരവമായി കരുതണം. ഒരു ചടങ്ങായി ബൈബിൾ വായിച്ചാൽ പ്രയോജനമില്ല. മനസ്സിലാക്കി വായിക്കുകയും അതിനെ ധ്യാനിക്കുകയും വേണം. നിങ്ങളുടെ പോരാ

യ്മകളും കുറവുകളും അതിൽ കാണാം. അത് മാറ്റുവാൻ തീരുമാനമെടുത്താൽ കാര്യം എളുപ്പമാണ്. കാരണം ദൈവം പറഞ്ഞിരിക്കുന്നത് "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും" എന്നാണ് (മത്തായി 5:8). വചനം വായിക്കുമ്പോൾ അതിൽ പറയുന്നത് എന്താണെന്ന് തിരിച്ചറിഞ്ഞാൽ വിശ്വാസത്തോടെ അനുസരിക്കാൻ തയ്യാറാകണം. ദൈവം നമ്മോട് കൽപിച്ചിരിക്കുന്ന പ്രമാണങ്ങൾ നാം ഗണ്യമാക്കാതിരുന്നതാണ് പ്രശ്നം.

നാം ആദരവവോടെ ദൈവ വചനത്തെ കൈക്കൊള്ളണം. ദൈവത്തെ പരിജ്ഞാനത്താലാണ് നാം അറിയേണ്ടതും. ജ്ഞാനം കുറവാണെങ്കിൽ ദൈവത്തോട് പ്രാർത്ഥിക്കണം (യാക്കോബ് 1:5). നിങ്ങൾ മതപരമായ ആചാരങ്ങളിലൂടെയോ സാമുദായിക വിശ്വാസ പ്രകാരമോ ദൈവത്തെ അന്വേഷിക്കുന്നുവെങ്കിൽ നിങ്ങൾ നിരാശരാകും. കാരണം അത് ലക്ഷ്യം കാണുകയില്ല. ദൈവം കൈപ്പണിയായ ക്ഷേത്രങ്ങളിൽ രസിക്കുന്നില്ല എന്ന് തിരിച്ചറിയുക. ബിംബങ്ങളിലും രൂപങ്ങളിലും ദൈവം വസിക്കുന്നില്ല (പ്രവൃത്തി 17: 24–25). ദൈവം വസിപ്പാൻ ആഗ്രഹിക്കുന്നത് വ്യക്തികളുടെ ഹൃദയത്തിലാണ്. പിതാവിനെ കാണിച്ച് തന്നാൽ മതി എന്നു ഫിലിപ്പോസ് യേശുവിനോട് പറയുകയുണ്ടായി. അതിന് യേശു പറഞ്ഞത്, എന്നെ കണ്ടവർ പിതാവിനെ കണ്ടിരിക്കുന്നു എന്നാണ്. അനേകം ആളുകൾ അത് മനസ്സിലാക്കിയിട്ടില്ല.

നമ്മുടെ പിതാക്കന്മാർ എന്തു ചെയ്തു എന്ന് പരിശോധിക്കാം. ദൈവീദിനെ കുറിച്ച് പറഞ്ഞ ശേഷം, അവൻ ദൈവത്തിന്റെ മുമ്പാകെ കൃപ ലഭിച്ചു. യാക്കോബിന്റെ ദൈവത്തിന് ഒരു വാസസ്ഥലം ഉണ്ടാക്കുവാൻ അനുവാദം അപേക്ഷിച്ചു. ശലോമോൻ അവന് ഒരു ആലയം പണിതു. അത്യുന്നതൻ കൈപ്പണിയായതിൽ വസിക്കുന്നില്ല താനും. "സ്വർഗ്ഗം എനിക്ക് സിംഹാസനവും ഭൂമി എനിക്ക് പാദപീഠവുമാകുന്നു; നിങ്ങൾ എനിക്ക് പണിയുന്ന ആലയും ഏതുവിധം? എന്റെ വിശ്രമസ്ഥലവും ഏത്? ഇതൊക്കെയും എന്റെ കയ്യല്ലോ ഉണ്ടാക്കിയത് എന്ന് കർത്താവ് അരുളിചെയ്യുന്നു എന്നു പ്രവാചകൻ പറയുന്നുവല്ലോ" (പ്രവൃത്തി 7:46–50).

നിങ്ങൾ എന്താണ് കാണുവാൻ ആഗ്രഹിക്കുന്നത? ദൈവവുമായി എന്നേക്കും ജീവിക്കുവാൻ താൽപര്യപ്പെടുന്നുണ്ടോ? എങ്കിൽ ദൈവവചനത്തിൽ പ്രമാണിപ്പാൻ പറഞ്ഞിരിക്കുന്ന കൽപനകളും ഉപദേശങ്ങളും

അനുസരിക്കുക. ആത്മാവിന്റെ രക്ഷ ഉറപ്പു വരുത്തുക. നിത്യജീവന്റെ വചനമാണ് നിങ്ങളെ രക്ഷിക്കുവാനും ശിക്ഷിക്കുവാനുമായിട്ടുള്ളത്. സത്യ വചനം നിങ്ങൾ രക്ഷക്കായി അനുസരിക്കും എന്ന് ഞങ്ങൾ കരുതുന്നു.

★

സ്ത്രീകൾക്കു വേണ്ടി

# ഉപേക്ഷിക്കൽ അത്ര കാര്യമോ?

**ബെറ്റി ബർട്ടൻ ചോട്ട്**

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

**"സന്തുഷ്ടമായ കുടുംബത്തെ വേർപിരിക്കുവാൻ ദൈവം ആഗ്രഹിക്കുന്നില്ല."**

പഴയ നിയമത്തിൽ അന്യജാതിക്കാരെ വിവാഹം കഴിച്ചവരോട് അവരുടെ പങ്കാളികളെ അകറ്റിക്കളയാൻ പറയുന്നുണ്ട്. കാരണം അത് അവരെ ദൈവത്തിൽ നിന്നും അകറ്റും. എന്നുള്ളതുകൊണ്ടാണ് (എസ്രാ 9:10 ; ആവർത്തനപുസ്തകം 7:3,4).

വലിയ ജിജ്ഞാസയോടെ ആളുകൾ സ്വർഗ്ഗത്തിൽ പോകാൻ ആഗ്രഹിച്ചിരുന്നതായി പറഞ്ഞു കേൾക്കാറുണ്ട്. എന്നാൽ അവരുടെ വ്യഭിചാരപ്രവൃത്തിയിൽ അൽപം പോലും മാറ്റം വരുത്തുവാൻ അവർ തയ്യാറാകുന്നില്ല. തെറ്റില്ലത്ത വിവാഹമോചനം എന്നു പറഞ്ഞ് വേർപെട്ട് കുട്ടികളെ പെരുവഴിയിൽ തള്ളി പുനർവിവാഹത്തിന് പോകുന്നവർ ഒരു കുഴപ്പവുമില്ല എന്ന അഭിപ്രായം പറയുമ്പോൾ ലജ്ജ തോന്നുന്നു. നിത്യജീവനെക്കുറിച്ച് ചിന്തയേയില്ല. നിത്യരക്ഷ ദൈവം ഒരുക്കിയിരിക്കുന്നതിനെ അവർ തള്ളിക്കളഞ്ഞിരിക്കുന്നു.

വിവാഹം കഴിക്കാത്ത കുടുംബങ്ങൾ ഇന്നുണ്ട്. അടുത്ത സമയത്ത് ഒരു സ്ത്രീ സഭയിൽ ആരാധനയ്ക്ക് വന്നു കൊണ്ടിരുന്നു. അങ്ങനെ ഒരു ദിവസം എന്റെ വീട് വാടകയ്ക്കു ചോദിച്ചു. അവൾ വിവാഹിതയും മുന്നു പ്രാവശ്യം വിവാഹമോചനം നടത്തിയതുമായ ഒരാളാണ്. ഇപ്പോൾ അവൾ ഒരു ഭർത്താവോടു കൂടി ജീവിക്കുന്നു. അദ്ദേഹത്തിന്റെ

സാമ്പത്തിക സഹായമില്ലാതെ അവൾക്ക് സ്വന്തമായി ഒരു വീട് വാടകയ്ക്കു എടുക്കാൻ പോലു കഴിവില്ല; അവൾ വിവാഹം കഴിച്ചിട്ടില്ല എന്നു പറഞ്ഞു. അവളുടെ പരിതാപകരമായ അവസ്ഥ കണ്ട് എന്റെ മനസിളകി. അവളുടെ കുട്ടിക്കും മറ്റെവിടെയെങ്കിലും താമസിക്കാം. പക്ഷേ, വാടക, ഭക്ഷണം, വസ്ത്രം എന്നിവ പരസഹായം ഇല്ലാതെ അവൾക്ക് പ്രയാസം. അവളുടെ ജീവിതരീതി മാറ്റി സുവിശേഷം അനുസരിച്ച് ദൈവവുമായി ഒത്തുചേർന്ന് പ്രവർത്തിക്കാൻ ഞാനവളോട് അപേക്ഷിച്ചു. അവളുടെ മകനെ തെറ്റായ ബന്ധത്തെ മനസ്സിലാക്കിക്കൊടുക്കുവാനും സാധിക്കുമല്ലോ എന്നും പറയാം. പക്ഷേ അവളുടെ ഭർത്താവായി കൂടെ താമസിക്കുന്ന മനുഷ്യൻ വിവാഹം കഴിക്കാൻ താൽപര്യപ്പെടുന്നില്ല. ആ സ്ത്രീക്ക് സഹായം ഉപേക്ഷിക്കുവാനും കഴിയുന്നില്ല. പാപമെന്നത് വലിയ പ്രശ്ന മാണ്.

**വിലാപം**

നിങ്ങൾക്ക് അറിയാമോ? ബലഹീനർ വിചാരിക്കും. യേശു അങ്ങനെ പറയാതിരന്നെങ്കിൽ എന്ന്. പാപഭാരത്താൽ വേദനിക്കുന്നവർ വളരെയാണ്. ദൈവത്തിന് വേണമെങ്കിൽ ഒരു വാക്കു കൊണ്ട് ലോകത്തിലെ സകല പാപവും തുടച്ചുനീക്കാമായിരുന്നു. പക്ഷേ, അങ്ങനെ ചെയതില്ല. മത്തായി 19:9 ബൈബിളിൽ ഉൾപ്പെടുത്താതെ ഇരിക്കാമായിരുന്നു. പക്ഷേ, അതിനെല്ലാം കാരണമുണ്ട്. അങ്ങനെ എങ്കിൽ വിവാഹം കഴിക്കാതിരിക്കുന്നതല്ലേ നല്ലത്? അത്മാവിന് രക്ഷയും രക്ഷയ്ക്ക് ത്യാഗവും അനിവാര്യമാണ്. കല്പന അനുസരിച്ചാൽ അതിന്റെ ഫലം അനുഭവിക്കാം.

★

# സാത്താന്റെ പ്രധാനപ്പെട്ട യശസ്

**ജോണി. ആർ**

എബ്രായ ലേഖനം പതിനൊന്നാം അദ്ധ്യായം പലപ്പോഴും അറിയപ്പെടുന്നത് ദൈവത്തിന്റെ വിശ്വസ്തജനങ്ങളുടെ മുഖ്യശ്രുതി എന്നതായിട്ടാണ്. “വിശ്വാസത്താൽ ഹാബേൽ.... വിശ്വാസത്താൽ ഹാനോക്ക്.... വിശ്വാസത്താൽ നോഹ.... വിശ്വാസത്താൽ അബ്രഹാം” തുടങ്ങി മോശെ, യോശുവ

എന്നിങ്ങനെ നിരവധി പേരുണ്ട് (എബ്രായർ 11:4–26). "ലോകം അവർക്ക് വിലയില്ലാത്തതായിരുന്നു" എന്നു തെളിയിക്കുന്ന അത്ഭുതാവഹ ജീവിതം നയിച്ച വ്യൂഹത്തെയാണ് നാം അവിടെ കാണുന്നത് (എബ്രായർ 11:38). ഈ ധീരനായകന്മാർ വാസ്തവത്തിൽ നമ്മുടെ ഹൃദയങ്ങളെ ചൂടു പിടിപ്പിക്കുകയാണ് ചെയ്യുന്നത്.

എന്നിരുന്നാലും സാത്താനും നമ്മെ സത്യത്തിനും സൽഗുണങ്ങൾക്കും എതിരായി പൊള്ളയായ വാഗ്ദാനങ്ങൾ നൽകി, അഭിമാനം വെടിഞ്ഞ് അവന് പാദസേവ ചെയ്യുന്ന അവസ്ഥയിലേക്ക് ഒരു വിശാല സംഘത്തിന് പ്രസിദിദ്ധി വരുത്തുവാൻ കാരണമാകുന്നു എന്നു പറഞ്ഞുകൊള്ളട്ടെ. ആത്മീയമായ ഔന്നത്യം നേടുന്ന വിശ്വസ്തരായി കർത്താവിനെ സേവിക്കുന്നവരും നരകത്തിലേക്ക് ദുഷ്ടന്മാരെ എത്തിക്കുന്ന പ്രതിനിധികളും തമ്മിലുള്ള വൈപരീത്യം ഏറെയാണ്. ജഡിക മനുഷ്യൻ വഞ്ചനയിൽ കുടുങ്ങുക എന്നത് സാധാരണ നടന്നുകൊണ്ടിരിക്കുന്ന പ്രതിഭാസമാണ്.

ചരിത്രം മുഴുവൻ പരിശോധിച്ചാൽ പ്രത്യേക വെളിച്ചമെന്ന് സംശയം ജനിപ്പിക്കുന്ന ദുഷിച്ച പ്രവണതകളായ മൂന്ന് സ്വഭാവങ്ങളാണ് അസൂയ, അത്യാഗ്രഹം, അഹംഭാവം എന്നിവ. "ഇവരോ തങ്ങൾ അറിയാത്തത് എല്ലാം ദുഷിക്കുന്നു; ബുദ്ധിയില്ലാത്ത മൃഗങ്ങളെപ്പോലെ സ്വാഭാവികമായി ഗ്രഹിക്കുന്നവയാൽ ഒക്കെയും തങ്ങളെത്തന്നെ വഷളാക്കുന്നു. അവർക്ക് അയ്യോ കഷ്ടം! അവർ കയ്യീന്റെ വഴിയിൽ ഒക്കെയും കൂലി കൊതിച്ച് ബിലെയാമിന്റെ വഞ്ചനയിൽ തങ്ങളെത്തന്നെ ഏൽപ്പിക്കുകയും കോരെഹിന്റെ മത്സരത്തിൽ നശിച്ചുപോകുകയും ചെയ്യുന്നു" (യൂദാ 10:11). നമ്മുടെ സമൂഹത്തെ നശിപ്പിക്കുന്ന മാരകമായ ശൈലിയാണ് ഇവ. ചിലപ്പോൾ കർത്താവിന്റെ ശരീരമായ സഭയിലും ഇത് കാണപ്പെടുന്നുണ്ട് എന്ന് ഖേദപൂർവ്വം പറയട്ടെ. ജീവിതം എന്നത് പ്രശ്ന പരിഹാരത്തിനുള്ളതല്ല . മറിച്ച് ആസ്വദിക്കാനുള്ള മാനമാണ്. ചിലർ പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങൾ ഉണ്ടാക്കുന്നവരാണ്. നാമായിട്ട് പ്രശ്നങ്ങൾ ഉണ്ടാക്കാതിരിക്കുക.

സാത്താന്റെ പുറകെ  പോകുന്നവർ നിരവധിയാണ്. എന്നാൽ അവരിൽ കുപ്രസിദ്ധിയാർജ്ജിച്ചവരുടെ പട്ടിക ബൈബിളിൽ കൊടുത്തിട്ടുണ്ട്. യിസബെൽ, യെരോബയാം, ഹെരോദാവ് തുടങ്ങിയവരാണ് അവർ.

തെറ്റായ ആരാധനയും, ഭീരുത്വവും, ദുർന്നടപ്പും തുടങ്ങി പിശാചിന്റെ മോശമായ പ്രവൃത്തികൾ ചെയ്തു പോന്നവരായിരുന്നു അവർ. സത്യത്തെ ഇഷ്ടപ്പെടാത്തവളും വിഗ്രഹങ്ങളെ സേവിക്കുകയും മറ്റുള്ളവരെ അതിന് പ്രേരിപ്പിക്കുകയും ചെയ്തവളായിരുന്നു യിസബെൽ. ആയിരക്കണക്കിനാളുകൾ അവളെയും യോരോബെയാമിനെയും അനുകരിക്കുന്നുണ്ട്. യിസ്രയേൽ ദേശത്തെ പാപത്തിലേക്ക് നയിച്ചവരിൽ ഈ രണ്ടുപേർ മുൻപന്തിയിൽ നിൽക്കുന്നു. ദൈവികത്വത്തെ മാനിക്കാതെ ദൈവകൽപനകൾക്ക് പകരം മാനുഷിക കൽപനകൾ സ്വീകരിക്കാൻ താൽപര്യപ്പെടുന്നവരും ലോകത്തിൽ നിറഞ്ഞിരിക്കുകയാണ്. അസൂയകൊണ്ടോ, അത്യാഗ്രഹം കൊണ്ടോ ഗുണമില്ലെന്ന തിരിച്ചറിവ് ആളുകളിൽ ഇല്ല. വശീകരണശക്തി ഇതിനുണ്ട്. ഹൃദയത്തെ ഇത്തരം ചിന്താഗതിയിലേക്ക് തിരിച്ചുവിടുന്നതു പിശാചാണ്. നാശകരമായ ഇത്തരം സ്വഭാവം മനുഷ്യരുടെ സ്വസ്ഥത തന്നെ നശിപ്പിക്കുന്നതാണ്.

ഇസ്രായേൽ ജനം യെരുശലേമിൽ പോയി ആരാധിച്ചിരുന്നു. എന്നാൽ യെരോബെയാം രാജാവ് പൊന്നു കൊണ്ടുള്ള കാളക്കുട്ടിയെ ഉണ്ടാക്കി ഇതാണ് നിങ്ങളുടെ യഹോവ എന്നും ഇനി നിങ്ങൾ യെരുശലേമിൽ പോകേണ്ടതില്ല എന്നം കൽപിച്ചു (1 രാജാക്കന്മാർ 12:28). ദൈവകൽപനയ്ക്ക് വിരുദ്ധമായി പ്രവർത്തിക്കാൻ ആളുകളെ നിർബന്ധിക്കുകയായിരുന്നു അവർ. ധാർമ്മിക ശുദ്ധിയെ മാറ്റിമറിക്കുന്ന പ്രാകൃതമായ ആഗ്രഹം നിവർത്തിക്കാനായി പ്രവർതത്തിച്ച രാജാവായിരുന്നു ഹെരോദാവ്. സഹോദരന്റെ ഭാര്യയെ വെച്ചുകൊണ്ടിരിക്കുന്നത് തെറ്റാണെന്ന് പറഞ്ഞ യോഹന്നാൻ സ്നാപകന്റ ശിരസ് ഛേദിക്കുവാൻ കൽപന് പുറപ്പെടുവിച്ച കിരാതനായ ഒരു ഇടപ്രഭുവായിരുന്നു അവൻ (മത്തായി 14:9), നമ്മുടെ കാലത്തും ധാർമ്മികത വിട്ടുവീഴ്ച ചെയ്യുന്നത് സാധാരണ സംഭവം തന്നെ. രണ്ട് യജമാനന്മാരെ സേവിപ്പാൻ ആർക്കും കഴിയുകയില്ല. മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിക്കുക (മത്തായി 6:24-33). പാപത്തിന്റെ ബലിഷ്ഠ കരങ്ങളുള്ളവരായിരുന്നു പീലാത്തോസും ഫെലിക്സും എലിമസും. പാപത്തിന്റെയും ദുഃഖത്തിന്റെയും മദ്ധ്യേ നിലകൊണ്ട വ്യക്തികളായിരുന്നു അവർ. ആത്മീയ ഗോളത്തിലെ ശക്തമായ ആത്മാർത്ഥത, ദൈവഭക്തി, സത്യത്തിന്റെ മനോഹാരിത എന്നിവയെ തടസപ്പെടുത്തുന്നതായിരുന്നു അവരുടെ ആധികാരിക ശക്തി. ഇന്നും അനേകം ആളുകൾ അവരെപ്പോലെയാണ് (പ്രവൃത്തി

13:8; 24:24–25). മനുഷ്യന്റെ വ്യർത്ഥമായ പരിശ്രമങ്ങൾ അവനെ നാശത്തിലേക്ക് നയിക്കുകയാണ്. "യഹോവേ, മനുഷ്യന് തന്റെ വഴിയും നടക്കുന്നവന് തന്റെ കാലടികളെ നേരെയാക്കുന്നതും സ്വാധീനമല്ല എന്നു ഞാൻ അറിയുന്നു" (യിരെമ്യാവ് 10:23). സ്വന്തം കഴിവിൽ ആശ്രയിച്ച് ജീവിക്കുന്നവർക്കുള്ള പ്രബോധനമാണ് താഴെ കൊടുക്കുന്നത്. ഗിദെയോൻ അവരോട്: ഞാൻ നിങ്ങൾക്ക് രാജാവാകുകയില്ല; എന്റെ മകനും ആകുകയില്ല. യഹോവയത്രേ നിങ്ങളുടെ രാജാവ് എന്ന് പറഞ്ഞു (ന്യായാധിപന്മാർ 8:23).

നമ്മുടെ ഈ തലമുറയിലും ദശലക്ഷക്കണക്കിനാളുകളെ നരകത്തിലെത്തിക്കാൻ സാത്താനെ സഹായിക്കുന്ന വലിയൊരു കൂട്ടം പ്രവർത്തിക്കുന്നുണ്ട്. അഭക്തിയോടെ ജീവിക്കുന്ന മാതാപിതാക്കൾ, ദുരുപദേഷ്ടാക്കന്മാർ, മത്സരികളായ യുവാക്കൾ, ഇടർച്ച വരുത്തുന്നവർ, ദുർന്നടപ്പുകാരായ സ്നേഹിതർ എന്നു തുടങ്ങി ഒട്ടനവധി പേർ ഇവരിൽ പെടുന്നു. ഈ ലോകത്തിലെ മായയായ സന്തോഷത്തിനു വേണ്ടി നിത്യമായ സ്വർഗ്ഗം നഷ്ടമാക്കുകയാണ് അവർ. സന്തോഷവും സമാധാനവും യാഥാർത്ഥ്യമാക്കുന്നതിനു പകരം വഞ്ചനയുടെ ആകർഷണവലയത്തിൽ കുടുങ്ങിയിരിക്കുകാണ് ഇവർ. അവസാനം മാത്രമേ തങ്ങൾ സഞ്ചരിച്ചിരുന്നത് തെറ്റായ വഴിയിലായിരുന്നു എന്ന് അവർ തിരിച്ചറിയുകയുള്ളൂ. ദൈവത്തിന് കീഴ്പ്പെട്ട് പിശാചിനോട് എതിർത്തു നിൽപ്പിൻ എന്നാണ് തിരുവെഴുത്ത് പറയുന്നത് (യാക്കോബ് 4:7). പ്രവൃത്തി അത്ര എളുപ്പമല്ല. പിശാചിന്റെ ശക്തിയെ നാം ലഘുവായി കാണരുത്. "എന്നാൽ നിങ്ങളിൽ ഉള്ളവൻ ലോകത്തിലുള്ളവനെക്കാൾ വലിയവനാകുന്നു എന്നുള്ളത് ആശ്വാസകരം തന്നെ" (1 യോഹന്നാൻ 4:4). സത്യത്തിൽ നിലനിൽക്കുന്ന നിത്യജീവൻ ആഗ്രഹിക്കുന്നവർ ഈ വിധത്തിലുള്ള സാത്താന്റെ ആകർഷണത്തിൽ അകപ്പെടുകയില്ല.

സാത്താന്റെ ഉപായത്തിൽ കുടുങ്ങുന്നവർ ദൈവ വചന പരിജ്ഞാനമില്ലാത്തവരാണ്. പരിജ്ഞാനമില്ലാത്തവരായി എന്റെ ജനം നശിച്ചുപോകുന്നു എന്നാണ് പ്രവചാചകൻ മുന്നറിയിച്ചത്. എന്തു കൊടുത്തും നിത്യജീവൻ അവകാശമാക്കുക. എല്ലാവർക്കുമായിട്ടാണ് ദൈവം നിത്യജീവനെ ഒരുക്കിയിരിക്കുന്നത്.

✶

# എല്ലാവരും യൂദമാർ അല്ല

**ജെ. സി ചോട്ട്**

കാലാകാലങ്ങളായി ഒരു വ്യക്തി തന്റെ പ്രദേശത്തുള്ള സഭയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ എന്നെ എഴുതി അറിയിക്കുമായിരുന്നു. അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ വിദേശ സഹായം ലഭിക്കുന്ന ഉപദേഷ്ടാക്കന്മാർ പണത്തെ മാത്രം സ്നേഹിക്കുന്നവരാണ്. അവർ സ്നാനത്തിന് വളരെയധികം ഊന്നൽ കൊടുക്കുന്നു. അങ്ങനെ അവർക്ക് ഉജ്ജ്വല പ്രവർത്തന വിവരണങ്ങൾ അറിയിക്കാൻ പറ്റും. അദ്ദേഹം ഇതുപോലെ ധാരാളം പ്രശ്നങ്ങൾ നടക്കുന്നതായി കത്തിൽ തുടരുന്നുണ്ട്.

കർത്താവിന്റെ സഭയിലെ അംഗമാണ് താൻ എന്നു പറയുന്നതിൽ ലജ്ജിക്കേണ്ടി വരുന്ന കാര്യങ്ങളാണ് സഭയിൽ നടക്കുന്നതെന്ന് മറ്റൊരു വ്യക്തി എന്നെ അറിയിക്കുകയുണ്ടായി. അയാൾ പറയുന്നത് അയാളുടെ ദേശത്തുള്ള സഭ വളരെ മോശമെന്ന അഭിപ്രായമാണ് പരത്തിക്കൊണ്ടിരിക്കുന്നത്. ഇതെല്ലാം വളരെ മോശം അല്ലേ? ആ വാക്കുകളെല്ലാം വളരെ ശരിയായിരിക്കാം. അത്തരം വിവരങ്ങളുടെ അർത്ഥമെന്താണ്? അതിന്റെ അർത്ഥം മോശമായി ജീവിക്കുന്ന ആളുകൾ കർത്താവിന്റെ സഭയിൽ ഉള്ളവരാണ് എന്ന് അവകാശപ്പെടുന്നു എന്നതാണ്. അതു സഭയെ തെറ്റിക്കുമോ? ഇല്ല. ആ കപട ഭക്തിക്കാർ മാനസാന്തരപ്പെട്ട് തിരിഞ്ഞ് ഹൃദയപൂർവ്വം ദൈവത്തെ അനുസരിക്കണം എന്ന സൂചന നൽകുന്നു.

ഇതെല്ലാം എഴുതി അയച്ച വ്യക്തികളോട് ഞാൻ അറിയിച്ചത്, ക്രിസ്തുവിന്റെ അപ്പോസ്തോലന്മാരിൽ ഒരു യൂദായും ഉണ്ടായിരുന്നു എന്നാണ്. അത് ക്രിസ്തുവിനെ തെറ്റുകാരനാക്കിയില്ല. അത് അവനെ കപട നാട്യക്കാരനോ കാപട്യക്കാരനോ ആക്കിയില്ല. അത് മറ്റ് അപ്പോസ്തോലന്മാരെയും തെറ്റുകാരാക്കിയില്ല. മറിച്ച് യൂദാ തന്നെയായിരുന്നു കാപട്യക്കാരൻ. ഒരാളുടെ തെറ്റ് കണ്ടുകൊണ്ട് എല്ലാവരെയും അടച്ചു നാം കുറ്റപ്പെടുത്തരുത്. പിന്നെയോ നല്ലവർക്ക് ഊന്നൽ കൊടുത്ത് കാപട്യക്കാരനെ തള്ളിക്കളയുകയാണ് വേണ്ടത്.

എല്ലാ മതപരമായ സംഘടനകളിലും മോശമായ ആളുകൾ, കാപ

ട്യക്കാർ, കള്ളന്മാർ, ഭോഷ്ക് പറയുന്നവർ, ദുർന്നടപ്പുകാർ തുടങ്ങി അനേക ദുഷ്പ്രവൃത്തികൾ ചെയ്യുന്നവർ കണ്ടേക്കാം. എന്നാൽ ഒരു മത സംഘടനയും അതിലെ ഒരാൾ അല്ലെങ്കിൽ കുറച്ചു പേർ ചെയ്യുന്ന കുറ്റത്തിന് സംഘടനയെ മുഴുവൻ വിധിക്കുകയോ ശിക്ഷിക്കുകയോ ഇല്ല. വിധി നടക്കുന്നത് ദൈവ വചനപ്രകാരം ആ വ്യക്തികൾ ജീവിച്ചോ എന്നതിനെ ആസ്പദമാക്കിയാണ്. വ്യക്തികൾ ആത്മാർത്ഥമായ പരിശ്രമം നടത്തിയോ എന്നു നോക്കും. കാരണം ദൈവപുസ്തകത്തിലാണ് നീതിയുടെ നിലവാരം ദൈവം നിക്ഷിപ്തമാക്കിയിരിക്കുന്നത്.

അപ്പോസ്തോലനായ പൗലോസിന്റെ കാലയളവിൽ സത്യം വിട്ട് പിന്തിരിഞ്ഞ് ലോകത്തിലേക്ക് പോയ ആളുകൾ ഉണ്ടായിരുന്നു. ദേമാസ് തന്നെ വിട്ട് പിരിഞ്ഞു ലോകത്തെ സ്നേഹിച്ചു പൊയ്ക്കളഞ്ഞു എന്നാണ് പറഞ്ഞിരിക്കുന്നത് (2 തിമൊഥെയോസ് 4:10). കോരിന്ത്യ സഭയിൽ ഇതേപോലെയുള്ള മറ്റു പ്രശ്നങ്ങൾ നടന്നിരുന്നു. പൗലോസ് അവർക്ക് ലേഖനമെഴുതി അറിയിക്കുന്നുണ്ട്. അവരിൽ ചിലർ ഭിന്നതയുണ്ടാക്കുന്നവരായിരുന്നു. വേറെ ചിലർ സഹോദരനെതിരായി വ്യവഹാരത്തിന് പോയ്ക്കൊണ്ടിരിക്കുന്നു. ചിലർ ദുർന്നടപ്പുകാരായി ജീവിക്കുന്നു. വിഗ്രഹത്തിന് മുന്നിൽ കൊണ്ട് വെച്ച് ഭക്ഷണം കഴിക്കുന്നവരുണ്ടായിരുന്നു. കർതൃ മേശയെ സാധാരണ ഭക്ഷണമായി കരുതിയവരുണ്ടായിരുന്നു. വേറെയുംനിരവധി തെറ്റുകൾ ചെയ്തിരുന്നവർ അവിടെയുണ്ടായിരുന്നു. എന്നിട്ടും പൗലോസ് അവരെ സഹോദരന്മാർ എന്നും ദൈവത്തിന്റെ സഭ എന്നും പറഞ്ഞിരിക്കുന്നു (1 കൊരിന്ത്യർ 1:1-2). ആത്മീയ പക്വതയിലേക്ക് അവർ വളരുന്നതിൽ പുരോഗതിയുണ്ടായതായി രണ്ടാമത്തെ ലേഖനം എടുക്കുമ്പോൾ നാം അവിടെ കാണുന്നുണ്ട്. തന്റെ അപ്പോസ്തോലന്മാരിൽ ഒരാളായിരുന്ന യൂദാ അങ്ങനെ ചെയ്തതുകൊണ്ട് യേശുക്രിസ്തു തന്റെ അപ്പോസ്തോലന്മാരെ വിട്ടുകളഞ്ഞില്ല. തങ്ങളുടെ കൂട്ടത്തിൽ ഉള്ള യൂദാ ഇങ്ങനെയായതു കൊണ്ട് മറ്റ് അപ്പോസ്തോലന്മാർ കൂട്ടത്തിൽ നിന്നും വിട്ടുപോയില്ല. വാസ്തത്തിൽ യൂദാ ഒഴിഞ്ഞു പോയ സ്ഥാനത്തേക്ക് അവർ മറ്റൊരാളെ തിരഞ്ഞെടുക്കുന്ന പ്രക്രിയയിലേക്കാണ് അവർ നീങ്ങിയത്. യോഹന്നാൻ സ്നാപകന്റെ സമയം മുതൽ അവരോടു കൂടെ ഉണ്ടായിരുന്നവനും യേശുവിന്റെ മരണം, അടക്കം, ഉയിർത്തെഴുന്നേൽപ് എന്നിവക്ക് സാക്ഷ്യം വഹിച്ചവനുമായ ഒരാളെയാണ് അവർ അതിനായി കണ്ടെത്തിയത് (പ്രവൃത്തി 1:21-26).

സഭയിലെ സഹോദരന്മാരിൽ ചിലർ പൗലോസിനെ വിട്ടുപോയതു കൊണ്ട് പൗലോസ് സഭ ഉപേക്ഷിച്ചില്ല. കൊരിന്ത്യ സഭയിൽ വളരെ പേർ വളരെ തെറ്റുകൾ ചെയ്തുകൊണ്ടിരുന്നിട്ടും പൗലോസ് അവരിൽ നിന്ന് പിൻവാങ്ങിയില്ല. അവരെ ശരിയായ പാതയിലേക്ക് തിരിച്ചു കൊണ്ടു വരുവാനാണ് ശ്രമിച്ചത്. തെറ്റിപ്പോയവരെ മാനസാന്തരപ്പെടുത്തി എടുക്കുവാനായിരുന്നു അവന്റെ ഉപദേശവും പരിശ്രമവും. എന്നാൽ സഭ പറഞ്ഞിട്ട് കേൾക്കാത്തവരെ സഭയിൽ വെച്ചുകൊണ്ടിരിക്കുന്നതും ഭൂഷണമല്ല. ചിലർ ചെയ്യുന്ന തെറ്റിന് സഭയെ മൊത്തം ശിക്ഷിക്കാനും സാദ്ധ്യമല്ല. പൗലോസിന് ആ സഭയെ കുറിച്ച് വളരെയധികം നല്ല കാര്യങ്ങളും പറയുവാനുണ്ട്. ആ സഭ പണിയുവാൻ, അത് വിലയ്ക്ക് വാങ്ങുവാൻ കർത്താവ് മരിച്ചു. ക്രിസ്തു അങ്ങനെ സഭയുടെ രക്ഷിതാവായി തീർന്നു. ക്രിസ്തു സഭയുടെ തലയായിരിക്കുന്നു. ക്രിസ്തു വീണ്ടും വരുമ്പോൾ അവൻ തന്റെ സഭയെ പിതാവിന് ഏൽപ്പിച്ചു കൊടുക്കും (എഫെസ്യർ 5:25; പ്രവൃത്തി 20:28; എഫെസ്യർ 5:23; കൊലോസ്യർ 1:18; 1 കൊരിന്ത്യർ 15:24). ഈ പ്രസ്താവനകളിൽ നിന്ന് അപൂർണ്ണരായിരുന്ന സഭയിലെ അംഗങ്ങൾക്ക് ക്രിസ്തീയ ജീവിതം നയിച്ച് തികവിലേക്ക് വളരുവാൻ ദൈവം സഹായിക്കുന്നു എന്നു കാണാം.

അതു പോലെ നാമും ഇക്കാരണത്താൽ കർത്താവിന്റെ വഴിയും, സഭയും, ജനങ്ങളും സഭയുടെ പേരും വിട്ടു കളയരുത്. ചില അംഗങ്ങൾ അവരുടെ അഭക്തിയുള്ള ജീവിതത്തിൽ ഒറ്റിക്കൊടുക്കുന്നവരാണെങ്കിലും സഭയെക്കുറിച്ച് നാം ലജ്ജിക്കേണ്ടതില്ല. നാം അവരുടെ തെറ്റുകളെക്കുറിച്ച് ലജ്ജിച്ച് അവരെ മാനസാന്തരപ്പെടുത്തി കർത്താവിങ്കലേക്ക് തിരിച്ചുകൊണ്ടുവരുവാനാണ് നാം ശ്രദ്ധിക്കേണ്ടത്. അതേ സമയം നാം ക്രിസ്തുവിൽ വിശ്വസ്തരായി മുൻപോട്ട് ഗമിക്കുന്ന മാതൃക കാണിച്ചു കൊടുക്കണം. സഭയുടെ നിലനിൽപിനും വളർച്ചക്കും വേണ്ടി, നാം വിശ്വസ്തരായി സഭയിൽ ജീവിക്കേണ്ടതിന് ആവശ്യമായതെല്ലാം ചെയ്ത കർത്താവിന് നാം എപ്പോഴും നന്ദിയുള്ളവരായിരിക്കണം.

സഭയിൽ ഏതെങ്കിലും ഒരു വ്യക്തിയുടെയോ ഒന്നിലധികം അംഗങ്ങളുടെയോ തെറ്റുകൾ നിമിത്തം സഭ വീണു പോകുന്നത് ഒരിക്കലും സഹായകമാകുകയില്ല. പകരം പോയി നമ്മുടെ തന്നെ സഭയുണ്ടാക്കുന്നതും ശരിയായ പ്രവണതയല്ല. വേറൊരു പേരിൽ അറിയപ്പെടുന്നതും ദൈവഹിതമല്ല. കാപട്യക്കാർ അടങ്ങുന്നതാണ് ക്രിസ്തുവിന്റെ സഭ; അതു

കൊണ്ട് ആ പേർ മാറ്റി മറ്റൊരു പേരിൽ അറിയപ്പെടാമെന്നും അത് ദൈവം സ്വീകരിക്കുമെന്നും ചിന്തിക്കരുത്. അതുപോലെ മനുഷ്യനിർമ്മിതസഭകളിൽ ചേരുകയും അരുത്; നാം മനസ്സിലാക്കേണ്ട കാര്യം എന്തെന്നാൽ മനുഷ്യരുമായി ഇടപെടുമ്പോൾ ഏതു കൂട്ടത്തിലായാലും അവിടെ തെറ്റുള്ളവരും കാപട്യമുള്ളവരും കണ്ടേക്കാം. നിങ്ങൾ യൂദകൾ നിമിത്തം കർത്താവിന്റെ സഭ വിട്ടു പോയാൽ മറ്റൊരിടത്തു ചെന്നാൽ അവിടെയും ഇതുണ്ടെന്ന് കാണുമ്പോൾ അവിടെയും നിങ്ങൾക്ക് നിൽക്കുവാൻ കഴിയാതെ വരും. അങ്ങനെ വരുമ്പോൾ നിങ്ങൾക്കു തന്നെ കർത്താവിൽ വിശ്വസ്തനും ഉറപ്പുള്ളവനും ആയി നിൽക്കുവാൻ കഴിയാതെ വരും. പ്രശ്നം പരിഹരിക്കുന്നതിന് പകരം പ്രശ്നക്കാരാനായി മാറാൻ ശ്രമിക്കരുത്.

ഈ ഭൂമിയിൽ നമുക്ക് സഭയിലെ കാപട്യക്കാരുമായി ജീവിക്കാൻ കഴിയുന്നില്ലെങ്കിൽ നിത്യതയിൽ യാതന അനുഭവിക്കേണ്ടി വരും. അതുകൊണ്ട് ദൈവവചനം ശ്രദ്ധയോടെ പഠിച്ചു മനസ്സിലാക്കി ജീവിക്കണം. മറ്റുള്ളവരുടെ ജീവിതമല്ല നമ്മുടെ വിശ്വാസ ജീവിതത്തെ നയിക്കേണ്ടത്. മറിച്ച് ക്രിസ്തുവിന്റെ മാതൃകയായിരിക്കണം. മറ്റുള്ളവർ എന്തു ചെയ്താലും ഞാൻ മരണത്തോളം വിശ്വസ്തനായി ജീവിക്കും എന്നതായിരിക്കണം നമ്മുടെ നിലപാട്. എല്ലാവരും യൂദമരല്ല എന്ന കാര്യവും നാം ഓർക്കണം.

★

# ദൈവത്തിന്റെ രക്ഷാശൃംഖല

**ക്ലെം തർമാൻ**

നമ്മെ രക്ഷിക്കുന്നതെന്തോ അതിനെക്കുറിച്ച് ഇടുങ്ങിയ കാഴ്ചപ്പാടാണ് മതപരമായ ആളുകളിൽ പലർക്കും ഉള്ളത്. ചിലർ അവകാശപ്പെടുന്നതു നാം വിശ്വാസത്താൽ മാത്രം രക്ഷിക്കപ്പെടുന്നു എന്നാണ്. വേറെ ചിലർ പറയുന്നത് നാം കൃപയാൽ മാത്രമാണ് രക്ഷിക്കപ്പെടുന്നത് എന്നാണ്. മറ്റു ചിലർ പറയുന്നത് നാം യേശുവിന്റെ രക്തത്താൽ മാത്രമാണ് രക്ഷപ്രാപിക്കുന്നത് എന്നാണ്. എന്നാൽ ഇവയിൽ ഏതെങ്കിലും ഒന്നു മാത്രമല്ല, എല്ലാം നമ്മെ രക്ഷിക്കുന്നു എന്നു ഞാൻ ചിത്രീകരിക്കട്ടെ.

ഒരു കൃഷിക്കാരന് സമൃദ്ധമായ വിളവു കിട്ടി. ഒരു വ്യവസായി അയാളോട് ചോദിച്ചു ഞാൻ നിങ്ങൾക്ക് തന്ന ട്രാക്ടർ എങ്ങനെയുണ്ട്? വളരെ നന്നായി പ്രവർത്തിക്കുന്നുണ്ട്. അതുപയോഗിച്ച് 25000 പറ നെല്ല് കിട്ടി എന്ന് കർഷകൻ മറുപടി പറഞ്ഞു. വിത്തു കൊടുത്ത ആളോട് അയാൾ പറഞ്ഞത്: നിങ്ങൾ തന്ന വിത്ത് വിതെച്ചതിനാൽ എനിക്ക് 25000 പറ നെല്ല് കിട്ടി എന്നു പറഞ്ഞു. ഈ വർഷത്തെ മഴ എങ്ങനെയുണ്ടായിരുന്നു എന്നു ചോദിച്ചതിന് അയാൾ മറുപടി പറഞ്ഞതു: അതുകൊണ്ട് 25000 പറ നെല്ലാണ് എനിക്ക് കിട്ടിയത് എന്ന് മറുപടി പറഞ്ഞു. വളം കൊടുത്തയാളോടും പറഞ്ഞു അതുകൊണ്ട് 25000 പറ നെല്ല് കിട്ടിയെന്ന്. മൊത്തത്തിൽ അയാൾക്ക് കിട്ടിയത് 100,000 പറ നെല്ലായിരുന്നു. ഏതെങ്കിലും ഒന്നു കൊണ്ടല്ല അത്രയും വിളവു ലഭിച്ചത്. എല്ലാ ഘടകങ്ങളും ഒത്തു ചേർന്നതു കൊണ്ടാണ് അത്രയും സമൃദ്ധമായ വിളവു ലഭിച്ചത്.

ആത്മീയ ഗോളത്തിൽ നമ്മുടെ രക്ഷക്കു ഫലപ്രദമായി പ്രവർത്തിക്കുന്ന അനേക ഘടകങ്ങൾ ഉണ്ട്. ഒരു ചങ്ങലയുമായി അതിനെ താരതമ്യം ചെയ്യാം. ഒരു ചങ്ങലയിലുള്ള കണ്ണികളെല്ലാം സുപ്രധാനമാണ്. ഒന്നിനെപ്പോലും വേർപിരിക്കാവുന്നതല്ല. ചങ്ങല എന്നു പറയുന്നത് ഒരു കണ്ണിയല്ല; അനേകം കണ്ണികളാണ്. അതുപോലെയാണ് "ദൈവത്തിന്റെ രക്ഷാ ചങ്ങലയും." ക്രിസ്തുവിന്റെ സുവിശേഷത്തെ വിശദമായി പഠിച്ചാൽ ഏതാണ്ട് 40 ലധികം ഘടകങ്ങൾ നമ്മുടെ രക്ഷക്ക് പ്രവർത്തിക്കുന്നതായി കാണപ്പെടുന്നുണ്ട്. അവയെല്ലാം നോക്കുവാൻ നമുക്ക് സ്ഥലം പോരാത്തതിനാൽ ചങ്ങലയിലെ മുഖ്യമായ കണ്ണികളെ നമുക്ക് നോക്കാം.

### ദൈവം സൃഷ്ടികർത്താവും രക്ഷിതാവുമാണ്

പ്രവാചകൻ പറഞ്ഞിരിക്കുന്നത്: ഇതാ ദൈവം എന്റെ രക്ഷ; യഹോവയായ യാഹ് എന്റെ ബലവും എന്റെ ഗീതവും ആയിരിക്കുക കൊണ്ടും അവൻ എന്റെ രക്ഷയായി തീർന്നിരിക്കുക കൊണ്ടും ഞാൻ ഭയപ്പെടാതെ ആശ്രയിക്കും (യെശയ്യാവ് 1:17). അതിൽ രക്ഷയും ഉൾപ്പെടുന്നു. ആളുകൾ രക്ഷിക്കപ്പെടണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ദൈവത്തിന്റെ സ്നേഹം നമ്മെ രക്ഷിപ്പാൻ അവനെ അയയ്ക്കുകയും അവൻ നമ്മുടെ പാപങ്ങൾക്ക് വേണ്ടി മരിക്കുവാൻ തയ്യാറാകുകയും ചെയ്തു. അതേ സമയം ദൈവം പാപത്തെ വെറുക്കുകയും ചെയ്യുന്നു (സങ്കീർത്തനങ്ങൾ 119:104; സദൃശ്യവാക്യങ്ങൾ 6:16-18; 8:13 തുടങ്ങിയവ). അവൻ പാപികളെ

സ്നേഹിക്കുന്നതിനാൽ അവരെ രക്ഷിക്കുവാൻ താൽപര്യപ്പെടുന്നു. "ക്രിസ്തുവോ നാം പാപികളായിരിക്കുമ്പോൾ തന്നെ നമുക്ക് വേണ്ടി മരിക്കുകയാൽ ദൈവം തനിക്ക് നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു" (റോമർ 5:8). അപ്പോസ്തോലനായിരുന്ന പൗലോസ് തിമൊഥെയോസിനോട് പറഞ്ഞത്: നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ സന്നിധിയിൽ നല്ലതും പ്രസാദകരവും ആകുന്നു. അവൻ സകല മനുഷ്യരും രക്ഷ പ്രാപിപ്പാനും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും ഇച്ഛിക്കുന്നു. സകല മനുഷ്യരുടെയും രക്ഷകനായ ജീവനുള്ള ദൈവത്തിലാണ് നമ്മുടെ പ്രത്യാശ വച്ചിരിക്കുന്നത്. രക്ഷാ ചങ്ങലയിലെ ഒരു കണ്ണിയെപ്പോലും ചെറുതായി കാണാൻ ആർക്കും സാദ്ധ്യമല്ല. ദൈവത്തെ കൂടാതെ ആർക്കും രക്ഷിക്കപ്പെടാവുന്നതല്ല. "പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ ആകുന്നു." (റോമർ 6:23)

## യേശുക്രിസ്തുവാണ് നമ്മുടെ രക്ഷിതാവ്

എന്തിനാണ് യേശുക്രിസ്തു ഈ ലോകത്തിലേക്ക് വന്നത്? അതിന് ദൂതൻ മറുപടി നൽകുന്നു. "അവൾ ഒരു മകനെ പ്രസവിക്കും; അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാനിരിക്കുക കൊണ്ട് നീ അവന് യേശു എന്ന് പേരിടേണം എന്ന് പറഞ്ഞു" (മത്തായി 1:21). "ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളത് വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനവും തന്നെ; ആ പാപികളിൽ ഞാൻ ഒന്നാമൻ" (1 തിമൊഥെയോസ് 1:15). അവൻ തികവുള്ള രക്ഷകനാണ്. "പുത്രനെങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ചു തികഞ്ഞവനായി തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണ ഭൂതനായി തീർന്നു" (എബ്രായർ 5:8–9). പത്രോസും യോഹന്നാനും യേശുവിനെ പ്രസംഗിച്ചതിനാൽ തടവിലാക്കപ്പെട്ടു. "മറ്റൊരുത്തനിലും രക്ഷയില്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട മറ്റൊരു നാമവും ഇല്ല" (പ്രവൃത്തി 4:12). മറ്റാർക്കും നമ്മെ രക്ഷിപ്പാൻ സാദ്ധ്യമല്ല. ബൈ ബിൾ വിശ്വസിക്കുന്നവർക്കിടയിൽ ഇതിനെ സംബന്ധിച്ച് തർക്കമില്ല. യേശുക്രിസ്തു രക്ഷിക്കും. എന്നാൽ ചങ്ങലയിലെ കണ്ണികൾ കൂടാതെയല്ല.

**സുവിശേഷത്താലാണ് നാം രക്ഷിക്കപ്പെടുന്നത്**

ക്രിസ്തുവിന്റെ സുവിശേഷത്താലാണ് നാം രക്ഷ പ്രാപിക്കുന്നതെന്ന് വളരെ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. "സുവിശേഷത്തെക്കുറിച്ച് എനിക്ക് ലജ്ജയില്ല; വിശ്വസിക്കുന്ന ഏവനും രക്ഷയ്ക്കുള്ള ദൈവശക്തിയാകുന്നു അത്" (റോമർ 1:16). അതുകൊണ്ടാണ് നിങ്ങൾ ഭൂലോകത്തിലൊക്കെയും പോയി സകല ജാതികളോടും സുവിശേഷം പ്രസംഗിപ്പാൻ പറഞ്ഞത് (മർക്കോസ് 16:15). സുവിശേഷം കുടാതെ ആളുകൾക്ക് രക്ഷിക്കപ്പെടുവാൻ നിർവ്വാഹമില്ല. "ഞാൻ നിങ്ങളോട് സുവിശേഷിച്ചതും നിങ്ങൾക്ക് ലഭിച്ചതും നിങ്ങൾ നിൽകുന്നതും നിങ്ങൾ വിശ്വിസിച്ചതും നിങ്ങൾ രക്ഷിക്കപ്പെടുന്നതുമായ സുവിശേഷം പിടിച്ചുകൊണ്ടാൽ എന്നാണ് പൗലോസ് പറഞ്ഞിരിക്കുന്നത്" (1 കൊരിന്ത്യർ 15:1–2). ജാതികളിൽപ്പെട്ട ഒരാൾ ദൈവവുമായി നിരന്നുകൊൾവാൻ പ്രാർത്ഥിച്ചു. ഒരു ദുതൻ അവന് പ്രത്യക്ഷനായി പത്രോസിനെ വരുത്തുക, രക്ഷിക്കപ്പെടുവാനുള്ള വാക്കുകളെ അവൻ നിങ്ങളോട് അറിയിക്കും എന്നാണ് പറഞ്ഞത് (പ്രവൃത്തി 11:13–14). രക്ഷിക്കപ്പെടുവാൻ കൊർന്നല്യോസ് വചനം കേൾക്കണമായിരുന്നു. "നിങ്ങളുടെ ആത്മാക്കളെ രക്ഷിപ്പാൻ ശക്തിയുള്ളതും ഉൾനട്ടതുമായ വചനം സൗമ്യതയോടെ" കൈക്കൊൾവീൻ (യാക്കോബ് 1:21). രക്ഷാ ചങ്ങലയിലെ മറ്റൊരു പ്രധാന കണ്ണിയാണ് സുവിശേഷം.

**യേശുവിന്റെ രക്തത്താൽ നാം രക്ഷിക്കപ്പെടുന്നു**

ഈ തത്വം പഴയ നിയമത്തിൽ വേരുന്നി പുതിയ നിയമത്തിൽ പുതുക്കുകയുമാണ് ചെയ്യുന്നത്. രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല (എബ്രായർ 9:22). മോശെയുടെ ന്യായപ്രമാണത്തിൻ കീഴിലുണ്ടായിരുന്ന മൃഗയാഗങ്ങളെല്ലാം ക്രൂശിൽ ക്രിസ്തു ചിന്തപ്പെടാനിരുന്ന രക്തത്തിന്റെ മുന്നോടിയായിരുന്നു (എബ്രായർ 10:1–4). "വ്യർത്ഥവും പിതൃപാരമ്പര്യമായുള്ള നിങ്ങളുടെ നടപ്പിൽ നിന്ന് നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് പൊന്ന്, വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെക്കൊണ്ടല്ല,ക്രിസ്തു എന്ന നിർദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രേ" (1 പത്രോസ് 1:18–19). നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിച്ചിരിക്കുന്നു (1 യോഹന്നാൻ 1:7). അവനിൽ നമുക്ക് അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പ് ഉണ്ട് (എഫെ

സ്യർ 1:7). ക്രിസ്തുവിന്റെ രക്തം മുഖാന്തരമല്ലാതെ ആർക്കും രക്ഷ പ്രാപിക്കാവുന്നതല്ല. തീർച്ചയായും അത് രക്ഷാ ചങ്ങലയിലെ ഒരു പ്രധാന കണ്ണിയാണ്.

**ദൈവ കൃപയാൽ നാം രക്ഷിക്കപ്പെടുന്നു**

കൃപയുടെ ആവശ്യത്തെ യേശു സ്പഷ്ടമാക്കിയിട്ടുണ്ട്. "അവ്വണ്ണം നിങ്ങളോട് കൽപിച്ചതു ഒക്കെയും ചെയ്ത ശേഷം ഞങ്ങൾ പ്രയോജനം ഇല്ലാത്ത ദാസന്മാർ; ചെയ്യേണ്ടതേ ചെയ്തിട്ടുള്ളു എന്നു നിങ്ങളും പറവീൻ" (ലൂക്കോസ് 17:10).

മനുഷ്യരുടെ രക്ഷയ്ക്കായി ദൈവം കൽപിച്ചിട്ടുള്ള കൽപനകളിൽ ഒന്നു പോലും ഒഴിവാക്കാവുന്നതല്ല. ഏതെങ്കിലും ഒന്നിൽ തെറ്റിയാൽ സകലതിലും നാം തെറ്റുകാരാകും. അതുകൊണ്ട് യേശുക്രിസ്തു അപ്പോസ്തോലന്മാർക്ക് കൽപന കൊടുത്തത്: "ഞാൻ നിങ്ങളോട് കൽപിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവീൻ". നമ്മെ രക്ഷിക്കുവാനും ശിക്ഷിക്കുവാനും ദൈവത്തിന് അധികാരമുണ്ട്. അവന്റെ വിധി നീതിയുള്ളതായിരിക്കും. ദൈവത്തിന്റെ രക്ഷാപദ്ധതി യേശുക്രിസ്തു മടങ്ങിവരുന്നതുവരെ തുടരും. ആരും നഷ്ടപ്പെട്ടു പോകരുതെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. ഇപ്പോഴാകുന്നു രക്ഷാദിവസം, ഇപ്പോഴാകുന്നു സുപ്രസാദകാലം. അതിനാൽ വചനം കേൾക്കാൻ തന്നെ അഭ്യസിക്കുക. വൈകരുത്.

✶

*Watch!*

# SATHYANADAM

## TV PROGRAME

**TRUE GOSPEL MESSAGE**

**Speaker:**

**Bro.P.K. VARGHESE**

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!

The English Voice of Truth is available.
One can contact Philemon or Kingsley at:
P.C. Philemonrajah, P.O. Box 15, 45 C/1 Church Lane,
Coronation Street, Arasardi, Madurai 625016
Mobile : 9244204420, 9244214421(Kingsley), 0452-2607026(Landline)

## Gospel Preaching On Television & Radio

| | | |
|---|---|---|
| Tamil : | Nambikkai TV | - Every Saturday at 8.00 pm |
| | Tamilan TV | - Every Monday at 6.00 pm |
| | Speaker : **Arjunan** | |
| | Tamilan TV | - Every Sunday at 6.45 am |
| | Nambikkai TV | - Every Sunday at 3.30 pm |
| | Speaker : **Philemon & Kingsley** | |
| | Tamilan TV | - Every Monday at 7.00 am<br>Every Thursday at 9.30 pm<br>Every Saturday at 7.15 am |
| | Speaker : **Rajanayagam** | |
| Hindi : | Subhasandesh TV | - Every Sunday & Tuesday at 7.00 pm |
| | Speaker : **Sunny, Francis & Vinay David** | |
| Malayalam : | Jai Hind TV | - Every Saturday at 6.00 am |
| | Speaker : **P. K. Varghese** | |
| Telugu : | Subhavartha TV | - Every Sunday 6.00 pm |
| | Rakshana TV | - Every Wednessday 6.30 pm |
| | Rakshana TV | - Every Thursday 11.00 am |
| | Sathyavani TV | - Every Wed & Friday 8.00 pm<br>www.sakthitv.in |
| | Aradhana TV | - Every Saturday at 6.30 am |
| | Kanthi TV | - Everyday at 7.30 am & 3.30 pm |
| | Speakers : **Joshua & Ricky Gootam** | |
| Manipur : | TC Network | - Every Monday at 6.30 pm |
| | TC Network | - Every Wed. & Friday at 6.00 am |
| | Speaker : **Thang Lien** | |

*Join us to worship God in Spirit and Truth*

*The*

# CHURCH OF CHRIST

Meets at T.C. 27/225

Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**

**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To


From

THE BIBLE TRUTH

Church of Christ

Thampuranmukku,

Trivandrum-35

Kerala, India.

Phone: 2303378